# V. സബ്മിഷൻ

## (1) എരമം-കുറ്റൂർ-പുല്ലുപാറയിൽ ഐ.ടി. പാർക്ക്

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഗ്രാമീണ മേഖലയിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുകയെന്ന 2006-2011 കാലത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ തീരുമാനപ്രകാരം പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിൽ 25 ഏക്കർ ഭൂമി ഏറ്റെടുക്കുകയും ചുറ്റുമതിലുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. പിന്നീട് ഗ്രാമപ്രദേശങ്ങളിൽ ഐ.ടി. പാർക്കുകൾ പ്രായോഗികമല്ലെന്ന സമീപനത്തിന്റെ ഭാഗമായി പ്രസ്തുത പദ്ധതി ഉപേക്ഷിച്ചു. പ്രസ്തുത ഭൂമി വ്യവസായ പാർക്കാക്കി മാറ്റുകയെന്നതാണ് നിലവിലെ ആവശ്യം. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ഇതിനായി യോഗം ചേരുകയും സാധ്യതാപഠനം നടത്താൻ കിൻഫ്രയെ ചുമതലപ്പെടുത്തുകയും ചെയ്തു. കിൻഫ്ര സമർപ്പിച്ച റിപ്പോർട്ടിൽ പൊതുവിഭാഗത്തിൽപ്പെട്ട ചെറിയ വ്യവസായങ്ങൾക്ക് ഇവിടം അനുയോജ്യമാണെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ SEZ പദവി ഡീ-നോട്ടിഫൈ ചെയ്താൽ മാത്രമെ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂവെന്നതിനാൽ രണ്ട് കമ്പനികളും തമ്മിലുള്ള MOU പ്രകാരം ഡീ-

നോട്ടിഫിക്കേഷന് ചെലവാകുന്ന തുക കിൻഫ്ര നൽകുകയും നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. KSITIL-ന്റെ കൈവശമുള്ള ഭൂമി കിൻഫ്രയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട സാങ്കേതികപ്രശ്നമാണ് നിലവിൽ പരിഹരിക്കാൻ ബാക്കിയുള്ളത്. കഴിഞ്ഞ നാലുവർഷത്തിലധികമായി ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണെങ്കിലും ബന്ധപ്പെട്ട ഫയലിന്മേൽ അന്തിമ തീരുമാനമായിട്ടില്ല. ആയതിനാൽ നിലവിലെ ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് പരിഹരിച്ച് തുടർനടപടികൾ വേഗത്തിലാക്കണമെന്നും പ്രസ്തുത ഭൂമിയോടുചേർന്നുള്ള 50 ഏക്കറോളം വരുന്ന റവന്യൂ ഭൂമികൂടി ഏറ്റെടുത്ത് വ്യവസായ പാർക്ക് യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, കണ്ണൂർ എരമത്ത് ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനായി KSITIL-ന് അനുവദിച്ച സ്ഥലം SEZ ഭൂമി ആയതിനാൽ ഐ.ടി., ഐ.ടി.ഇ.എസ്. ഒഴികെ മറ്റാവശ്യങ്ങൾക്കായി ഭൂമി കൈമാറ്റം ചെയ്യുന്നതിന് SEZ ഡീ-നോട്ടിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

പ്രസ്തുത സ്ഥലത്ത് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി ഭൂമി കിൻഫ്രയ്ക്ക് കൈമാറുന്ന കാര്യം പരിശോധിച്ചുവരുന്നു. KSITIL-ന്റെ ഇക്വിറ്റിയിലുള്ള സർക്കാരിന്റെ ഷെയർ ക്യാപിറ്റലായി പ്രസ്തുത ഭൂമി കണക്കാക്കിയിരിക്കുന്നതിനാൽ ഭൂമി കൈമാറുമ്പോൾ സ്ഥലത്തിന്റെ മൂല്യം KSITIL-ന്റെ ഷെയർ ക്യാപ്പിറ്റലിൽനിന്നും കുറവ് ചെയ്യുന്നതിനും ഭൂമി നൽകുമ്പോൾ അതിന്റെ വില കണക്കാക്കി കിൻഫ്രയിൽനിന്നും ഈടാക്കുന്നതുസംബന്ധിച്ചും തീരുമാനമെടുക്കേണ്ടതുണ്ട്. KSITIL-ന് അനുവദിച്ച നബാർഡ് വായ്പ എഴുതിത്തള്ളണമെന്ന ആവശ്യം പരിശോധനയിലാണ്. ഇതുൾപ്പെടെയുള്ള കാര്യങ്ങൾ ബന്ധപ്പെട്ടവരുമായി കൂടിയാലോചന നടത്തി സത്വരനടപടികൾ സ്വീകരിക്കുന്നതാണ്.

(2) <u>ജലനിധിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇതിനകത്ത് ഒരു ചെറിയ പ്രശ്നമുണ്ട്. ഞാൻ ഉന്നയിച്ച വിഷയം മറ്റൊന്നാണെങ്കിലും ഉത്തരം നൽകേണ്ട വകുപ്പുമന്ത്രി ഒരാൾതന്നെയാണ്. ഞാൻ ചോദിച്ചത് ജൽ ജീവൻ മിഷനെക്കുറിച്ചാണ് എന്നാൽ പ്രിന്റ് ചെയ്തുവന്നത് ജലനിധി എന്നാണ്. അക്കാര്യംമാത്രം ഒന്ന് തിരുത്തണം.

ജൽ ജീവൻ മിഷനിൽ കേന്ദ്ര വിഹിതമായി 5610 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചു, സംസ്ഥാന വിഹിതമായ 5152 കോടി രൂപയുംകൂടി ചേർന്ന് 10762 കോടി രൂപയുടെ പദ്ധതിയാണിത്. സത്യത്തിൽ അത് വളരെ മാതൃകാപരമായ പദ്ധതിയാണ്. അത് വേണ്ടവിധത്തിൽ നടപ്പിലാക്കുകയാണെങ്കിൽ അത് സംസ്ഥാനത്തിന് ഗുണംചെയ്യുന്നതുമാണ്. പ്രസ്തുത പദ്ധതിയിലൂടെ കേരളത്തിൽ വ്യാപകമായി വാട്ടർ കണക്ഷനുകൾ നൽകാൻ തീരുമാനിച്ചു. എന്റെ നിയോജകമണ്ഡലമുൾപ്പെടുന്ന കോട്ടയം ജില്ലയുടെ കാര്യം വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ 37300473 കുടിവെള്ള കണക്ഷനുകൾ കൊടുക്കാനാണ് ആഗ്രഹിക്കുന്നതെന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ യഥാർത്ഥത്തിൽ 16200774 കണക്ഷനുകൾ മാത്രമാണ് കൊടുത്തത്. അതായത്, പദ്ധതികൾ മുടങ്ങിപ്പോകുന്നുവെന്നതാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം. പക്ഷേ, ഇതിനുവേണ്ടി പൈപ്പുകൾ സ്ഥാപിക്കുന്നത് ഗ്രാമീണ റോഡുകളിലൂടെയായതിനാൽ ടി റോഡുകളെല്ലാം വെട്ടിപ്പൊളിച്ചിട്ടിരിക്കുകയാണ്. പദ്ധതിയുടെ എഗ്രിമെന്റ് വ്യവസ്ഥയനുസരിച്ച് റോഡുകൾ പൊളിച്ചാൽ അത് റീഇൻസ്റ്റേറ്റ് ചെയ്യണമെന്നും കരാറുകാരന്റെ ഉത്തരവാദിത്വമായി അത് എടുക്കണമെന്നുമുണ്ട്. പക്ഷേ, കരാറുകാരൻ ഇതൊന്നും ചെയ്യുന്നില്ല. മാത്രമല്ല,

പ്രവൃത്തികൾ പാതിവഴിയിൽ ഉപേക്ഷിച്ചതായാണ് കാണുന്നത്. റോഡ് പുനരുദ്ധാരണത്തിനുവേണ്ടിയുള്ള എഗ്രിമെന്റ് വ്യവസ്ഥ ഇതിനകത്ത് ഉണ്ടെന്ന കാര്യവും പാലിക്കപ്പെടുന്നില്ല. കരാറുകാരിൽ പലരും പാതിവഴിയിൽ ഉപേക്ഷിച്ചുപോകുന്നതിനാൽ പൈപ്പുകളിൽ വെള്ളവുമില്ലെന്ന് മാത്രമല്ല, റോഡുകളാകെ തകർന്ന അവസ്ഥയിലുമാണ്. ഈ ദയനീയാവസ്ഥ ഒഴിവാക്കുന്നതിനായി ഞാൻതന്നെ മുൻകൈയെടുത്ത് ജില്ലാ അധികൃതരുമായി ബന്ധപ്പെട്ട് രണ്ടുമൂന്ന് പ്രാവശ്യം ചർച്ച നടത്തിയിരുന്നെങ്കിലും ചർച്ചയ്ക്കുള്ള ഫലം യാതൊരു തീരുമാനവുമില്ലെന്നതാണ്. ഈ രൂപത്തിലാണ് പദ്ധതി മുമ്പോട്ടുപോകുന്നത്. കൃത്യമായ ജലസ്രോതസ്സ് ഇല്ലെന്നതാണ് ടി പദ്ധതി പൂർണ്ണതോതിൽ നടപ്പിലാകാത്തതിനുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ജൽജീവൻ മിഷനിലൂടെ വെള്ളം കൊടുക്കുന്നതിനുവേണ്ടിയുള്ള പദ്ധതി ഭാവനാസമ്പന്നമാണെങ്കിലും അതിനുള്ള സോഴ്സില്ല. വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള സോഴ്സിൽനിന്ന് വെള്ളംകൊടുക്കുക എന്നരീതിയിയാണ് നിലവിൽ അവലംബിച്ചിരിക്കുന്നത്. പുതിയ സോഴ്സില്ലാതെ എങ്ങനെയാണ് പൈപ്പ് കണക്ഷൻ നൽകിയവർക്ക് വെള്ളം കൊടുക്കാൻ കഴിയുന്നത്? നിലവിൽ കൊടുത്തുകൊണ്ടിരിക്കുന്ന വെള്ളത്തിൻനിന്നും ഡൈവേർഷൻ ഉണ്ടാവണം;

അങ്ങനെവരുമ്പോൾ നിലവിൽ വെള്ളം ലഭിച്ചുകൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾ കൂടുതൽ വിഷമത്തിലാകും. അതുകൊണ്ട് ഈ വിമർശനം മുമ്പേയുണ്ടായിരുന്നു. ഇത് ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. ഒന്നുകിൽ ജൽ ജീവൻ മിഷൻ പദ്ധതിയനുസരിച്ചുള്ള പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കണം. കരാറുകാർ തകർത്ത റോഡുകൾ പുന:സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നിബന്ധനയുണ്ടാകണം അല്ലെങ്കിൽ കരാറുകാർക്കെതിരായ നിയമനടപടിയുമായി മുന്നോട്ടുനീങ്ങണം. സർക്കാർ അടിയന്തരമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണം. അല്ലെങ്കിൽ ഗ്രാമീണ റോഡുകളെല്ലാം തകർന്ന് തരിപ്പണമാകും. ഇത് എന്റെ മാത്രം പ്രശ്നമല്ല, ടി വിഷയം ഇവിടെ ഉന്നയിച്ചത് ഞാനാണെങ്കിലും കേരളത്തിൽ ഈ പദ്ധതി നടപ്പാക്കിയ എല്ലാ നിയോജകമണ്ഡലങ്ങളിലും ഇതേ അവസ്ഥ നിലനിൽക്കുകയാണ്. അതൊഴിവാക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കണം. കരാറുകാരെ വിളിച്ചുവരുത്തണം. കരാറുകാരൻ സംസ്ഥാനത്തിന് പുറത്തുള്ള വ്യക്തിയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

അയാൾ സാധനങ്ങളെല്ലാം ഇവിടെ ഉപേക്ഷിച്ച് സ്ഥലം വിട്ടിരിക്കുകയാണ്. നിലവിൽ കരാറുകാരൻ ടി പ്രവൃത്തി ഉപേക്ഷിച്ച മട്ടാണ്. ഇക്കാര്യത്തിൽ കുനിന്മേൽ കുരു പോലെ മറ്റൊരു പ്രശ്നംകൂടി ഉണ്ടായിരിക്കുകയാണ്. ഗവൺമെന്റ് ഓഫ് ഇന്ത്യ ഈ പദ്ധതി നിർത്തിയെന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ട് കുടിവെള്ള പദ്ധതിയും നിർത്തലായി, റോഡുകൾ ഉപയോഗശൂന്യമായി, കുടിവെള്ളമില്ലാതെ അവിടത്തെ ജനങ്ങൾ വളരെ വിഷമത്തിലുമാണ്. ജനങ്ങളുടെ ഈ അവസ്ഥ പരിഹരിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തര നടപടിയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ജലനിധി പദ്ധതിയുമായി ബന്ധപ്പെട്ടാണ് നോട്ടീസ് നൽകിയത്. അല്ലാതെ അച്ചടിയിൽ വന്ന തെറ്റല്ല. ചിലപ്പോൾ ബഹുമാനപ്പെട്ട അംഗം എഴുതി കൊടുത്തതിലുള്ള തെറ്റാകാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങനെയല്ല, ജലനിധി പദ്ധതി 2004-ൽ വേൾഡ് ബാങ്ക് സ്കീമിൽ കൊണ്ടുവന്നതാണ്. അതിന് ഇതുമായി യാതൊരു ബന്ധവുമില്ല. അങ്ങത് പരിശോധിച്ചാൽ മതി. (മൈക്ക് ഓഫ്...)

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അക്കാര്യം ഞാൻ പരിശോധിക്കാം. ബഹുമാനപ്പെട്ട അംഗം എഴുതി നൽകിയ സബ്മിഷൻ പേപ്പറിന്റെ അടിസ്ഥാനത്തിലായിരിക്കും എനിക്ക് മറുപടി വന്നിട്ടുള്ളത്. അങ്ങ് ഉന്നയിച്ചത് ജലനിധിയുമായി ബന്ധപ്പെട്ട വിഷയമാണ്. എങ്കിലും അങ്ങ് പറഞ്ഞ കാര്യങ്ങൾക്ക് മറുപടി നൽകുന്നതിന് ബുദ്ധിമുട്ടില്ല. ജൽ ജീവൻ മിഷനെ സംബന്ധിച്ചിടത്തോളം അത്തരം ആശങ്കകളാണോ നമുക്കാവശ്യമെന്ന് ഓരോരുത്തരും വിലയിരുത്തണം. ജൽജീവൻ മിഷൻ പോലൊരു ബൃഹത് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയ ആദ്യ പരീക്ഷണമായിരുന്നു. ഇതുപോലെയൊരു വർക്കോ പരിപാടിയോ മുമ്പെങ്ങും കേരളത്തിലുണ്ടായിട്ടില്ല. ജലസ്രോതസ്സിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ജൽജീവൻ മിഷൻ പോലെ സുസ്ഥിരമായൊരു പദ്ധതികളെക്കുറിച്ച് നാം ആലോചിക്കണം. നിലവിലുണ്ടായിരുന്ന സ്കീമുകളിൽനിന്നുമാത്രം കേരളത്തിലൊട്ടാകെ ശുദ്ധജല

വിതരണം സാധ്യമല്ല. അതുകൊണ്ട് കഴിയുന്നത്ര സുസ്ഥിരമായ സ്കീമിൽനിന്നാണ് വെള്ളമെടുക്കാൻ ശ്രമിച്ചത്. ഡാമുകളുണ്ടെങ്കിൽ ഡാമുകളിൽ നിന്നും അതല്ലെങ്കിൽ അതനുസൃതമായ മറ്റ് മേഖലകളിൽ നിന്നുമാണ് വെള്ളമെടുത്തത്. കോട്ടയത്ത് അങ്ങനെയൊരു പ്രശ്നമുള്ളതുകൊണ്ടാണ് മീനച്ചിൽ റിവർവാലി പദ്ധതി വിഭാവനം ചെയ്യാൻ കാര്യമായി ശ്രദ്ധിക്കുകയും മുന്നോട്ടുകൊണ്ടുപോകുകയും ചെയ്തതിന്റെ പ്രധാനകാരണം. മീനച്ചിൽ റിവർവാലി പദ്ധതി വരുമ്പോൾ മീനച്ചിൽ ആറ്റിലൂടെയെത്തുന്ന വെള്ളം കോട്ടയം ജില്ലയിൽ പരക്കെ എല്ലായിടത്തുമെത്തും. സോഴ്സിന്റെ കുറവുണ്ടെന്ന് പൂർണ്ണബോധ്യമുണ്ട്. മൂവാറ്റുപുഴയ്ക്ക് ഒരു തുള്ളി വെള്ളംപോലും നഷ്ടമില്ലാതെതന്നെ മീനച്ചിൽ-റിവർവാലി പദ്ധതി നടപ്പാക്കാമെന്ന ധാരണയുമുണ്ട്. ഭാവനാപൂർണ്ണമായ ഒരു പദ്ധതി മുന്നിൽകണ്ടുകൊണ്ടാണ് സർക്കാർ ഈ സ്കീം ഏറ്റെടുത്തിട്ടുള്ളത്. കണക്ഷൻ കൊടുത്തു, ഇനിയും കണക്ഷൻ കൊടുക്കാനുണ്ട്; നിർമ്മാണം നടക്കുന്നു; പദ്ധതി പൂർത്തീകരിക്കാതെ കരാറുകാർ പ്രവൃത്തി ഉപേക്ഷിച്ചുപോയി. 2028-വരെ ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതിന് അനുമതി കേന്ദ്ര ഗവൺമെന്റിന്റെ

പുതിയ പ്രഖ്യാപനത്തിലുണ്ട്. അങ്ങനെ കോൺട്രാക്ടർമാർ ആരെങ്കിലും പണി നിർത്തി പോവുകയോ പ്രവൃത്തി തടസ്സപ്പെടുത്തുകയോ ചെയ്താൽ ടി കരാറുകാരനെ മാറ്റുമെന്ന കാര്യത്തിൽ സംശയമില്ല. ഏത് കരാറുകാരനാണെന്ന് പരിശോധിക്കേണ്ട കാര്യമില്ല. ടി കരാറുകാരന്റെ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പണി പൂർത്തീകരിക്കാൻ എന്തെങ്കിലും തടസ്സം ഡിപ്പാർട്ടുമെന്റുകളിൽനിന്നോ കാലാവസ്ഥാ വ്യതിയാനംകൊണ്ടോ ഉണ്ടായിട്ടുണ്ടെങ്കിൽ അത് പരിഗണിച്ച് പരിഗണനാത്മകമായ സമയം നീട്ടികൊടുക്കാം. അതല്ലാതെ പ്രവൃത്തി പൂർത്തീകരണത്തിൽ എന്തെങ്കിലും അലംഭാവം കാണിച്ചാൽ അക്കാര്യം ഗൗരവമായി പരിശോധിക്കേണ്ടിവരും. അങ്ങയുടെ മണ്ഡലത്തിലെ കാര്യങ്ങൾ റിവ്യൂ ചെയ്ത് വിവരങ്ങൾ ലഭ്യമായാൽ അക്കാര്യം ഗൗരവപൂർവമായി പരിശോധിക്കാം. ജൽജീവൻ മിഷന്റെ ഒന്നും രണ്ടും മൂന്നും സ്കീമുകളിലെ പ്രവൃത്തികൾക്കായി പൊളിക്കുന്ന റോഡുകളുടെ റെസ്റ്റോറേഷനുമായി ബന്ധപ്പെട്ട് തുക വകയിരുത്തിയിരുന്നില്ല. ഇക്കാര്യം പ്രത്യേകമായി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ തുക അനുവദിച്ചുനൽകാൻ തയ്യാറായി.

അങ്ങനെ അനുവദിച്ച സാഹചര്യത്തിൽ ടി ഫണ്ട് വിനിയോഗിക്കാൻ ആ ഗ്രാമപഞ്ചായത്തിനോ ഓൺഗോയിംഗ് കോൺട്രാക്ടർക്കോ പെർമിഷൻ കൊടുത്തു. ടി തുക പിന്നീട് റീ-ഇംബേഴ്സ് ചെയ്യും. ഈയൊരു കണ്ടീഷൻ വരുന്നതിനുമുമ്പ് പൂർത്തീകരിച്ച വർക്കുകൾക്ക് റീ-ഇംബേഴ്സ്മെന്റിലൂടെ ഫണ്ട് ലഭിക്കാൻ സാധ്യതയില്ല. തുടർന്നുള്ള ഘട്ടങ്ങളിലെ പ്രവൃത്തികൾക്കായി പൊളിക്കുന്ന റോഡുകളുടെ റെസ്റ്റോറേഷനുള്ള തുകകൂടി അതത് പദ്ധതിവിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ റോഡ് റെസ്റ്റോറേഷനുമായി ബന്ധപ്പെട്ട് കാലവിളംബം വരുത്തിയിട്ടുണ്ടെങ്കിൽ അക്കാര്യം പൂർണ്ണമായി പരിശോധിക്കാം; തുടർന്നും മോണിറ്റർ ചെയ്യാം; അടിയന്തര ശ്രദ്ധചെലുത്തി ഇക്കാര്യം മുന്നോട്ടുകൊണ്ടുപോകാൻ ശ്രദ്ധിക്കാം. ജലസ്രോതസ്സിനെക്കുറിച്ച് ഞാൻ പറഞ്ഞു. ഗ്രാമീണ റോഡുകൾക്ക് മൊത്തത്തിൽ ഇങ്ങനെയൊരു പ്രശ്നമുണ്ടായിട്ടുണ്ട്. അതൊക്കെ വരുന്ന രണ്ട്, മൂന്ന് വർഷത്തിനുള്ളിൽ പരിഹരിക്കാൻ സാധിക്കും. ഇപ്പോൾ ഗ്രാമീണ റോഡുകൾക്കായി പഞ്ചായത്തുകൾ ഫണ്ടുകൾ കൊടുക്കുന്നുണ്ട്. ഇപ്പോൾ ആയിരം കോടി രൂപയുടെ പദ്ധതി വന്നു, അങ്ങനെ കുറേ പണം

കൊടുക്കുന്നുണ്ട്. ജൽ ജീവൻ മിഷന്റെ ഭാഗമായി പൊളിച്ച റോഡുകൾ അടിയന്തരമായി പുനർനിർമ്മിക്കാനാവശ്യമായ തുടർ നടപടി സ്വീകരിച്ച് മുന്നോട്ടുപോകാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. എന്നാൽ, പൈപ്പിലൂടെ വെള്ളം പമ്പ് ചെയ്ത് ടെസ്റ്റ് നടത്താതെ റോഡ് പെർമനന്റായി പുനഃസ്ഥാപിക്കാൻ ബുദ്ധിമുട്ടുള്ള ചില സ്ഥലങ്ങളുണ്ട്. അത് പ്രത്യേക വിഷയമായി പരിഗണിച്ച് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടിവരും. അല്ലാത്ത സ്ഥലങ്ങളിലെല്ലാം അടിയന്തരമായി റോഡ് പൂർവ്വസ്ഥിതിയിലാക്കാനുള്ള നിർദേശങ്ങൾ കൊടുത്തിട്ടുണ്ട്. കോട്ടയത്തിന്റെ കാര്യത്തിൽ എന്താണ് സംഭവിച്ചതെന്ന് പ്രത്യേകമായി പരിശോധിക്കാം.

ശുദ്ധജലലഭ്യത എല്ലായിടത്തും സാധ്യമാക്കുന്നതാണ്. ഇപ്പോൾ 111 പഞ്ചായത്തുകളിൽ പൂർണ്ണമായും ശുദ്ധജലമെത്തിക്കാൻ സാധിച്ചു. 9 നിയോജകമണ്ഡലങ്ങളിൽ പൂർണ്ണമായും കുടിവെള്ളമെത്തിച്ചിട്ടുണ്ട്. കണക്കനുസരിച്ച് മാർച്ച് മാസമാകുമ്പോഴേക്കും 260 പഞ്ചായത്തുകളിലേയ്ക്കുകൂടി ഇത് വ്യാപിപ്പിക്കാൻ സാധിക്കും. കുറച്ചൊക്കെ ബുദ്ധിമുട്ട് നിലനിൽക്കുമ്പോഴും

എല്ലായിടത്തും കുടിവെള്ളമെത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. വരുന്ന ഒരു വർഷക്കാലത്തിനിടയ്ക്ക് 85-90 ശതമാനം സ്ഥലങ്ങളിലും കുടിവെള്ളം എത്തിക്കാമെന്ന പൂർണ്ണ വിശ്വാസമാണുള്ളത്. പോരായ്മകളെ സംബന്ധിച്ച് അതത് തലങ്ങളിൽ എം.എൽ.എ.മാർക്ക് റിവ്യൂ ചെയ്യാനുള്ള അധികാരവും അവകാശവുമുണ്ട്. അതിൽക്കൂടി ശ്രദ്ധ കേന്ദ്രീകരിച്ച് എല്ലാവരുടെയും സഹകരണത്തോടെ മുന്നോട്ടുപോകണം. ഇക്കാര്യങ്ങളിൽ പൂർണ്ണമായും സഹകരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ ഗവൺമെന്റ് തയ്യാറാണ്.

(3) <u>വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പുകളുടെ മെയിന്റനൻസ്</u>

<u>ഡോ. സുജിത് വിജയൻപിള്ള</u>: ചവറ മണ്ഡലത്തിൽ ടി.എസ്. കനാലിന് കുറുകെ സ്ഥാപിച്ച കുടിവെള്ള പൈപ്പ് ലൈൻ കടന്നുപോകുന്ന പാലം തകർന്നുവീണ് 12 ദിവസത്തോളം ചവറ നിയോജകമണ്ഡലത്തിലും കൊല്ലം നിയോജകമണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലുമായി കുടിവെള്ള വിതരണം നിലച്ചിരിക്കുകയാണ്. ഇതിനിടയിൽ കൊല്ലം കോർപ്പറേഷന്റെ ഭാഗമായ ശക്തികുളങ്ങര, മുക്കാട് പഞ്ചായത്ത് അതിർത്തിയിൽ താമസക്കാരിയായ സന്ധ്യ സെബാസ്റ്റ്യൻ കുടിവെള്ളം ശേഖരിക്കാൻ വള്ളത്തിൽപോയപ്പോൾ

വള്ളം മറിഞ്ഞ് ജീവൻ നഷ്ടപ്പെടുകയുണ്ടായി. എല്ലാവരെയും അക്ഷരാർഥത്തിൽ ദുഃഖത്തിലാഴ്ത്തിയ സംഭവമായിരുന്നു അത്. കുടിവെള്ള പൈപ്പ് ലൈൻ പൊട്ടിയതുമൂലമുണ്ടായ ജലക്ഷാമത്തിന്റെ രക്തസാക്ഷിയായി സന്ധ്യ സെബാസ്റ്റ്യൻ. സന്ധ്യ സെബാസ്റ്റ്യന്റെ ദാരുണമായ അന്ത്യത്തിൽ ഈ അവസരത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു. അവരുടെ കുടുംബത്തിലെ ആർക്കെങ്കിലും സർക്കാർ ജോലി നൽകി സഹായിക്കണമെന്ന് ഇത്തരുണത്തിൽ ആമുഖമായി പറയുകയാണ്. ഇത് നിരന്തരമായി സംഭവിക്കുന്നതാണ്. ടി. എസ്. കനാലിന് കുറുകെയുള്ള ഈ പൈപ്പ്ലൈൻ യഥാർഥത്തിൽ 2018-ൽ നവീകരണ പ്രവർത്തനത്തിനുവേണ്ടി ടെൻഡർ ചെയ്തതാണ്. പക്ഷേ, ആരും വർക്ക് ഏറ്റെടുക്കാത്തതിനാൽ ടെൻഡർ നടപടി മുന്നോട്ടുപോയില്ല. സമാനമായ ഒരു സംഭവം രണ്ടുവർഷം മുമ്പ് നീണ്ടകര പഞ്ചായത്തിലുണ്ടായി. അന്ന് 18 ദിവസത്തോളം കുടിവെള്ള പൈപ്പ് ലൈൻ വിതരണം മുടങ്ങുകയുണ്ടായി. ഈ രണ്ട് സംഭവത്തിലും അങ്ങയുടെ ഭാഗത്തുനിന്നും നിരന്തരം സമ്മർദമുണ്ടായിട്ടുണ്ട്. അങ്ങയുടെ ഓഫീസിൽനിന്നും ഇടപെടലുണ്ടായതിനുശേഷമാണ് ജലവിതരണം പുനഃസ്ഥാപിക്കാൻ

സാധിച്ചത്. ഈ ആധുനിക കാലഘട്ടത്തിലും പൈപ്പ് ലൈൻ പൊട്ടിക്കഴിഞ്ഞാൽ ഇത്രയും ദിവസം വേണോ എന്നാണ് ജനങ്ങൾ ചോദിക്കുന്ന ചോദ്യം. ചീഫ് എഞ്ചിനീയർ മുതൽ ആ ജില്ലയിലുണ്ടായിരുന്ന മുഴുവൻ എഞ്ചിനീയർമാരുടെയും സാന്നിധ്യത്തിലാണ് പുനരുദ്ധാരണ പ്രവർത്തനം നടത്തിയത്. എന്നിട്ടും ഒരു റൊസ്റ്റൊറേഷൻ വർക്കിന് 12 മുതൽ 18 ദിവസം വരെ എടുക്കുകയാണ്. ഇത്തരുണത്തിൽ ആധുനികവത്ക്കരണം ഈ മേഖലയിൽ കൊണ്ടുവരേണ്ടതാണ്. കൂടാതെ, സമയബന്ധിതമായി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്താൻ കഴിയേണ്ടതുണ്ട്. ടി.എസ്. കനാലിനുകുറുകെ അടിത്തട്ടിലൂടെയാണ് താൽക്കാലിക പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളത്. 96 ലക്ഷം രൂപ ഇതുവരെ ചെലവായിട്ടുണ്ട്, അത് പൂർവസ്ഥിതിയിലേയ്ക്ക് ഭാരം സ്ഥാപിച്ച് പൈപ്പിലൂടെ ഉയർത്താൻവേണ്ടി, കാരണം ദേശീയ ജലപാതയായതുകൊണ്ട് മൂന്നുമാസം കഴിയുമ്പോൾ ഈ കനാൽ ഡ്രെഡ്ജ് ചെയ്യപ്പെടേണ്ടതാണ്. അതുകൊണ്ട് തിരിച്ച് പാലത്തിലൂടെ പൈപ്പ് പുനഃസ്ഥാപിക്കേണ്ടിവരും. അതിന് ഇപ്പോൾ എസ്റ്റിമേറ്റ് ആകുന്നത് 4 കോടി രൂപയാണ്. കൃത്യമായി പുനരുദ്ധാരണ പ്രവർത്തനങ്ങൾ

നടത്തിയിരുന്നെങ്കിൽ വലിയ നഷ്ടമുണ്ടാകുമായിരുന്നില്ല. അടിയന്തരമായി ഇടപെട്ട് കാലപ്പഴക്കം ചെന്ന പൈപ്പ് ലൈൻ മാറ്റുകയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്താൻവേണ്ടി ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച കാര്യങ്ങൾ വളരെ ഗൗരവപൂർവമായിത്തന്നെയാണ് കണ്ടതും അതിൽ ഇടപെട്ടതും. കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണ സംവിധാനത്തിനുണ്ടാകുന്ന കേടുപാടുകൾവഴി ജലവിതരണത്തിലുണ്ടാകുന്ന തടസ്സങ്ങൾ പരമാവധി കുറയ്ക്കാൻ കാലപ്പഴക്കം ചെന്ന പൈപ്പുകളും മറ്റ് അനുബന്ധ ഘടകങ്ങളും സ്റ്റേറ്റ് പ്ലാൻ, അമൃത്, ജൽജീവൻ മിഷൻ, കിഫ്ബി തുടങ്ങിയ വിവിധങ്ങളായ പദ്ധതികളിലുൾപ്പെടുത്തി മാറ്റി സ്ഥാപിച്ചുവരികയാണ്. വാർഷിക റണ്ണിങ് കോൺട്രാക്ട്, ബ്ലൂ ബ്രിഗേഡ് സംവിധാനം തുടങ്ങിയവ വഴി വേഗത്തിൽ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ജലവിതരണം മുടങ്ങുന്ന സമയം പരമാവധി കുറയ്ക്കാൻ ശ്രമിക്കുന്നുണ്ട്. ശാസ്താംകോട്ട ജലശുദ്ധീകരണശാലയിൽനിന്നും കൊല്ലം കോർപ്പറേഷൻ

പരിധിയിലേക്കും സമീപ പഞ്ചായത്തായ നീണ്ടകരയിലേക്കും ശുദ്ധജലമെത്തിക്കുന്ന 750 mm കാസ്റ്റ് അയൺ പൈപ്പ് ലൈനിന്റെ ഭാഗമായി ചവറ ടി.എസ്. കനാലിന് കുറുകെ സ്ഥാപിച്ചിരുന്ന പൈപ്പ് ലൈൻ പാലവും പൈപ്പ് ലൈനുമാണ് 15-12-2024-ൽ തകരുകയും തന്മൂലം ജലവിതരണം തടസ്സപ്പെടുകയും ചെയ്തത്. ജലവിതരണം പുനഃസ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി യുദ്ധകാലാടിസ്ഥാനത്തിൽ ടി.എസ്. കനാലിന് കുറുകെ കനാൽ അടിത്തട്ടിലൂടെ HDPE (High-Density Polyethylene pipe) പൈപ്പ് സ്ഥാപിച്ച് 26-12-2024-ന് ടി പൈപ്പ് ലൈൻ വഴിയുള്ള ജലവിതരണം പുനഃസ്ഥാപിച്ചു. ഏകദേശം ഒരു മാസത്തോളമെടുത്തേക്കാവുന്ന വളരെ സങ്കീർണ്ണമായ ഈ പ്രവൃത്തി ടെൻഡർ നടപടികൾ ലഘൂകരിച്ചും ജീവനക്കാർ മൂന്ന് ഷിഫ്റ്റുകളിലായി 24 മണിക്കൂറും പ്രവർത്തിച്ചുമാണ് 12 ദിവസം കൊണ്ട് പൂർത്തീകരിച്ചത്. മേൽ പരാമർശിച്ച 12 ദിവസങ്ങളിലും പദ്ധതിയുടെ ഗുണഭോക്തൃ പ്രദേശമായ നീണ്ടകരയിൽ 250 mm PVC പൈപ്പ് ഉപയോഗിച്ച് താൽക്കാലിക പൈപ്പ് ലൈൻ സ്ഥാപിച്ചും കൊല്ലം കോർപ്പറേഷൻ പരിധിയിൽ JICA (Japan International Cooperation

Agency) പദ്ധതി വഴി പരമാവധി ജലം ലഭ്യമാക്കിയും പൈപ്പ് ലൈനുകൾവഴി കുടിവെള്ളമെത്തിക്കാൻ സാധിക്കാത്ത പ്രദേശങ്ങളിൽ ടാങ്കർ ലോറികൾവഴി ജലവിതരണം നടത്തിയും ജലദൗർലഭ്യം ഭാഗികമായി പരിഹരിച്ചിരുന്നു. ശാസ്താംകോട്ടയിൽ പൈപ്പ് ലൈൻ പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി കേരള വാട്ടർ അതോറിറ്റി 2020-ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിലും തുടർന്ന് ദേശീയപാത 66-ന്റെ വികസനപ്രവർത്തനങ്ങൾ ജില്ലയിൽ ആരംഭിക്കുകയും ദേശീയപാതയിലെ യൂട്ടിലിറ്റി ലൈനുകൾ മാറ്റിസ്ഥാപിക്കുന്നത് ദേശീയപാത വികസനത്തിന്റെ ഭാഗമാക്കുകയും ചെയ്തു. ശാസ്താംകോട്ടയിൽനിന്നും കൊല്ലത്തേക്ക് ശുദ്ധജലമെത്തിക്കുന്ന പൈപ്പ് ലൈനുകൾ ഉൾപ്പെടെ കൊല്ലം ജില്ലയിൽ ദേശീയപാതയിൽ സ്ഥാപിച്ചിട്ടുള്ള മുഴുവൻ പൈപ്പ് ലൈനുകളും മാറ്റി സ്ഥാപിക്കാനുള്ള എസ്റ്റിമേറ്റ് 2021-ൽത്തന്നെ കേരള വാട്ടർ അതോറിറ്റി ദേശീയപാത അതോറിറ്റിക്ക് നൽകിയിട്ടുള്ളതാണ്. ആയതിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. എന്നാൽ പൈപ്പ് ലൈൻ തകരാറിലായ ചവറ ടി.എസ്. കനാൽ ഭാഗത്ത് ഈ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്തതുമാകുന്നു. ദേശീയപാത അതോറിറ്റി Utility Shifting

പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കേരള വാട്ടർ അതോറിറ്റി ദേശീയപാതയിൽ കൊല്ലം ജില്ലയിൽ കടമ്പാട്ടുകോണം മുതൽ ഓച്ചിറ വരെ സ്ഥാപിച്ചിരിക്കുന്ന ചെറുതും വലുതുമായ എല്ലാ പൈപ്പ് ലൈനുകളും വശങ്ങളിലേക്ക് മാറ്റിസ്ഥാപിക്കപ്പെടുന്നതാണ്. ഇതോടൊപ്പം ജില്ലയിലെ നിലവിലുള്ള പൈപ്പ് ലൈൻ കടന്നുപോകുന്ന പാലങ്ങളുടെയും പൈപ്പുകളുടെയും പുനരുദ്ധാരണം ആവശ്യമുള്ള സ്ഥലങ്ങളിൽ എസ്റ്റിമേറ്റുകൾ O&M (Operations and Maintenance) fund, State Plan fund എന്നിവയിലുൾപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തികൾക്കുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. ഭാവിയിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ജലവിതരണ ശൃംഖലയിലെ പ്രധാന ഘടകങ്ങളായ പൈപ്പ് ലൈൻ, വാൽവുകൾ, പൈപ്പുകൾ വഹിക്കുന്ന പാലങ്ങൾ, പമ്പ് ഹൗസുകൾ, ടാങ്കുകൾ എന്നിവയ്ക്ക് ആവശ്യമായ എല്ലാ അറ്റകുറ്റപ്പണികളും സമയബന്ധിതമായി പൂർത്തിയാക്കാനും പ്രതിരോധ പരിപാലനം ഉറപ്പുവരുത്തി രേഖപ്പെടുത്താനും നിർദേശിച്ചുകൊണ്ട് കേരള വാട്ടർ അതോറിറ്റി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇവിടെ സന്ധ്യ സെബാസ്റ്റിന്റെ മരണത്തെക്കുറിച്ച് സൂചിപ്പിച്ചു. വളരെ ഖേദകരമായ ഒരു കാര്യമാണത്.

കുടിവെള്ളമെടുക്കാൻ പോയപ്പോൾ സംഭവിച്ച ഒരു അപകടമാണതെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ചികിത്സ, അപകട മരണം, ജീവനോപാധികൾ നഷ്ടപ്പെട്ടവർ, പ്രളയവുമായി ബന്ധപ്പെട്ട് വീടുകൾക്കുള്ള നാശനഷ്ടം എന്നിവയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും നിലവിലെ മാനദണ്ഡപ്രകാരം ധനസഹായം അനുവദിച്ചുവരുന്നു. ആയതിലേയ്ക്കായി ആവശ്യമായ രേഖകൾ സഹിതം CMDRF Portal മുഖേന അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. കൂടി ഇടപെട്ട് ഇത്തരം കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവന്നാൽ CMDRF Portal-ൽനിന്ന് എന്തൊക്കെ ചെയ്യാൻ കഴിയുമെന്നുകൂടി പ്രത്യേകമായി പരിശോധിക്കാവുന്നതാണ്.

## (4) ന്യൂനപക്ഷ സ്കോളർഷിപ്പ് ഫണ്ട്

ശ്രീ. പി. ഉബൈദുള്ള: സർ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 50% വെട്ടിക്കുറച്ച് 15-01-2025-ലെ G.O.(Rt)No.155/2025/GAD പ്രകാരം ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഉത്തരവിറക്കിയിരിക്കുകയാണ്. പല കുട്ടികളുടെയും പഠനംപോലും മുടങ്ങുന്ന

സാഹചര്യമാണ് ഇതുവഴിയുണ്ടായിരിക്കുന്നത്. ന്യൂനപക്ഷ സ്കോളർഷിപ്പിന് അനുവദിച്ച തുക ചെലവഴിക്കാതെ തടഞ്ഞുവച്ചെന്ന ആരോപണം ഉയരുന്നതിനിടെയാണ് സർക്കാരിന്റെ ഈ പുതിയ തീരുമാനം. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, സിവിൽ സർവീസസ് ഫീസ് റീ-ഇംബേഴ്സ്മെന്റ്, വിദേശത്ത് പഠിക്കുന്ന വിദ്യാർഥികൾക്കായുള്ള സ്കോളർഷിപ്പ്, ഐ.ഐ.റ്റി/ഐ.ഐ.എം. സ്കോളർഷിപ്പ്, സി.എ./ഐ.സി.ഡബ്ല്യു.എ. സ്കോളർഷിപ്പ്, യു.ജി.സി./സി.എസ്.ഐ.ആർ. നെറ്റ് കോച്ചിങ്, ഐ.റ്റി.സി. ഫീസ് റീ-ഇംബേഴ്സ്മെന്റ്, മദർ തെരേസാ സ്കോളർഷിപ്പ്, ഡോ. എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് എന്നീ ഒമ്പത് സ്കോളർഷിപ്പുകളാണ് അമ്പത് ശതമാനം വെട്ടിക്കുറച്ചത്. സ്കോളർഷിപ്പ് തുക വെട്ടിക്കുറയ്ക്കുന്നത് സംസ്ഥാന ചരിത്രത്തിൽ അപൂർവമാണ്. അമ്പത് ശതമാനം വെട്ടിക്കുറച്ച സ്കോളർഷിപ്പ് തുകയിൽനിന്ന് നൽകിയിരിക്കുന്നത് വെറും 2.69% ആണെന്നാണ് പ്ലാനിങ് ബോർഡ് രേഖകൾ വ്യക്തമാക്കുന്നത്. സാമ്പത്തിക ഞെരുക്കത്തിന്റെ പേരിലാണ് ധനവകുപ്പ് ന്യൂനപക്ഷ വിദ്യാർഥികൾക്ക് അർഹമായ ആനുകൂല്യം വെട്ടിക്കുറച്ചതും തടഞ്ഞുവച്ചിരിക്കുന്നതും. 87.63 കോടി രൂപ ന്യൂനപക്ഷ ക്ഷേമ

ഡയറക്ടേറ്റിന് സ്കോളർഷിപ്പ് നൽകാൻ 2024-25-ലെ പദ്ധതിയിൽ വകയിരുത്തിയിരുന്നു. ഈ സാമ്പത്തിക വർഷം തീരാൻ രണ്ടുമാസം മാത്രം ബാക്കി നിൽക്കെ ചെലവഴിച്ചത് കേവലം 2.69% തുക മാത്രമാണ്. സി.എ./ഐ.സി.ഡബ്ല്യു.എ. കോഴ്സുകൾ ചെയ്യുന്നവർക്ക് 97 ലക്ഷം രൂപ സ്കോളർഷിപ്പിന് വകയിരുത്തിയിട്ട് ഒരു രൂപപോലും ഇതുവരെ നൽകിയിട്ടില്ല. മൂന്ന് വർഷത്തെ ഡിപ്ലോമാ കോഴ്സ് ചെയ്യുന്നവർക്ക് അനുവദിച്ച 82 ലക്ഷം രൂപയിൽ ഒരു രൂപപോലും ഇതുവരെ കൊടുത്തിട്ടില്ല. കരിയർ ഗൈഡൻസിന് 1.20 കോടി രൂപ, നൈപുണ്യ പരിശീലനത്തിന് 5.82 കോടി രൂപ, പ്രീമെട്രിക് സ്കോളർഷിപ്പിന് 20 കോടി രൂപ, നഴ്സിങ്/പാരാമെഡിക്കൽ കോഴ്സ് ചെയ്യുന്നവർക്ക് സ്കോളർഷിപ്പിന് 68 ലക്ഷം രൂപ എന്നിങ്ങനെ തുക വകയിരുത്തിയിരുന്നെങ്കിലും ഒരു രൂപപോലും ചെലവാക്കിയിട്ടില്ല. ഉപരിപഠനത്തിന് അർഹത നേടിയിട്ടും സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം പഠനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് വലിയ ആശ്വാസമാകേണ്ട സ്കോളർഷിപ്പുകൾ മുടങ്ങിയെന്ന ആശങ്ക നിലനിൽക്കുമ്പോഴാണ് നിലവിലെ സ്കോളർഷിപ്പുകളിലെ തുക

വെട്ടിക്കുറച്ചുകൊണ്ടുള്ള പുതിയ ഉത്തരവുകൂടി പുറത്തിറക്കിയിരിക്കുന്നത്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 50% വെട്ടിക്കുറച്ച നടപടി പുനഃപരിശോധിക്കുകയും എത്രയുംപെട്ടെന്ന് സ്കോളർഷിപ്പുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുകയും ചെയ്യണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, സംസ്ഥാന ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനാണ് സർക്കാർ വിവിധ സ്കോളർഷിപ്പ് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷം ഇരുപതിനായിരത്തിലധികം സ്കോളർഷിപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 1905.65 ലക്ഷം രൂപയാണ് ചെലവഴിച്ചത്. എന്നാൽ കേന്ദ്ര സർക്കാർ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നൽകിവരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് നിർത്തലാക്കിയപ്പോൾ അതിന് പകരമായി 2024-25 വർഷം മുതൽ 'മാർഗദീപം' എന്ന പേരിൽ ന്യൂനപക്ഷ ക്ഷേമവകുപ്പ് പുതിയ സ്കോളർഷിപ്പുകൂടി നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ടി സ്കോളർഷിപ്പിനുകൂടി തുക

കണ്ടെത്തേണ്ടിവന്ന സാഹചര്യത്തിൽ മറ്റുചില സ്കോളർഷിപ്പുകളുടെ തുകയിൽ ചില ക്രമീകരണങ്ങൾ വരുത്തേണ്ടിവന്നിട്ടുണ്ട്. എന്നാൽ, സ്കോളർഷിപ്പുകൾക്കായി ഇത്തവണ ആകെ വകയിരുത്തിയിട്ടുള്ള തുക മുൻവർഷത്തേക്കാൾ അധികമാണ്. 2023-24 സാമ്പത്തിക വർഷം ന്യൂനപക്ഷ സ്കോളർഷിപ്പ് ഇനത്തിൽ ആകെ വിനിയോഗിച്ചത് 1905.65 ലക്ഷം രൂപയാണെങ്കിൽ നടപ്പുവർഷം വിവിധ ന്യൂനപക്ഷ സ്കോളർഷിപ്പ് പദ്ധതികൾക്കായി 2407.122 ലക്ഷം രൂപയ്ക്ക് ഇതിനകം അനുമതി നൽകിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം സ്കോളർഷിപ്പുകൾക്കായി ആകെ തുക വകയിരുത്തിയതിനേക്കാൾ 2.75 കോടി രൂപ അധികമാണിത്. കഴിഞ്ഞ തവണ വിനിയോഗിച്ച തുകയേക്കാൾ 5.66 കോടി രൂപ അധികമായും ഇത്തവണ ഭരണാനുമതി നൽകിയിട്ടുണ്ട്. 2023-24-ൽ ചില സ്കോളർഷിപ്പുകൾ അപേക്ഷിച്ച മുഴുവൻ പേർക്കും നൽകിയിരുന്നു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ സ്കോളർഷിപ്പുകൾ ജനസംഖ്യാനുപാതികമായാണ് ഇപ്പോൾ നൽകിവരുന്നത്. ചില വിഭാഗങ്ങളിൽനിന്നും ആവശ്യത്തിന് അപേക്ഷകർ ഇല്ലാത്തതിനാൽ മുഴുവൻ

തുകയും വിനിയോഗിക്കപ്പെടാതെ നിൽക്കുന്ന സ്കോളർഷിപ്പുകളുമുണ്ട്. കേന്ദ്ര സർക്കാർ നിർത്തലാക്കിയ സ്കോളർഷിപ്പിനുപകരം പുതിയ സ്കോളർഷിപ്പ് ഏർപ്പെടുത്തുന്നത് ന്യൂനപക്ഷ വിദ്യാർഥികളുടെ പഠന സൗകര്യങ്ങൾക്കുള്ള സംസ്ഥാന സർക്കാരിന്റെ പ്രതിബദ്ധതയുടെ ഭാഗമാണ്. കഴിഞ്ഞ വർഷം സ്കോളർഷിപ്പ് ലഭ്യമായ വിദ്യാർഥികളുടെ എണ്ണത്തിൽനിന്നും ഇത്തവണ കുറവ് വരില്ല. ഇപ്പോൾ ഭരണാനുമതി നൽകിയ തുകയേക്കാൾ കൂടുതൽ തുക ആവശ്യമായി വരുന്ന സ്കോളർഷിപ്പുകൾക്ക് തുക വർധിപ്പിച്ചുനൽകുന്ന കാര്യവും പരിഗണിച്ചുവരികയാണ്.

(5) മലമ്പുഴയിലെ വന്യജീവി ആക്രമണം

ശ്രീ. എ. പ്രഭാകരൻ: സർ, വന്യജീവി ആക്രമണത്തെ സംബന്ധിച്ച് പലതവണയായി ഞാൻ ഈ സഭയിൽ ഉന്നയിക്കുകയാണ്. മലമ്പുഴ മണ്ഡലത്തിലെ ജനങ്ങൾ ഇന്ന് വന്യജീവികളുടെ ആക്രമണംമൂലം ഏറെ പ്രയാസമനുഭവിക്കുന്ന സ്ഥിതിയിലാണ്. മണ്ഡലത്തിൽ ആകെയുള്ള എട്ട് പഞ്ചായത്തുകളിലും വന്യജീവി ശല്യം രൂക്ഷമാണ്. അകത്തേത്തറ, പുതുപ്പരിയാരം, മുണ്ടൂർ പഞ്ചായത്തുകളിൽ പുലി, കരടി, ആന എന്നിവയുടെയും

മലമ്പുഴ പഞ്ചായത്തിൽ പുലി, കാട്ടുപോത്ത് എന്നിവയുടെയും പുതുശ്ശേരി, മരുതറോഡ് പഞ്ചായത്തുകളിൽ ആനയുടെയും ശല്യം നാൾക്കുനാൾ വർധിച്ചുവരികയാണ്. ഇതിനുപുറമെ കാട്ടുപന്നിയുടെ ശല്യവും വളരെ രൂക്ഷമാണ്. കാട്ടുപന്നി മനുഷ്യരെ ഉപദ്രവിക്കുന്നതിനുപുറമെ എല്ലാ കൃഷികളും നശിപ്പിക്കുകയാണ്. ഈ പ്രദേശങ്ങളിലൊന്നും ജനങ്ങൾക്ക് ഒരു വിളയുമിറക്കാൻ കഴിയാത്ത സ്ഥിതിയാണ് ഇന്നുള്ളത്. മലമ്പുഴ പഞ്ചായത്തിൽ രണ്ടാഴ്ച മുമ്പാണ് ജനവാസമേഖലയിൽ ഇറങ്ങിയ കാട്ടുപോത്ത് ചെളിയിൽപുതഞ്ഞ് ചത്തുപോയത്. പുതുശ്ശേരി പഞ്ചായത്തിലെ വാധ്യാർചള്ളയിൽ നെൽക്കൃഷി നശിപ്പിക്കുന്ന ആനയെ തുരത്താൻ പോയ വിജയനെന്ന കൃഷിക്കാരനെ ആന ആക്രമിച്ച് വാരിയെല്ലുകളൊക്കെ തകർന്ന് ചികിത്സയിലാണ്. ജനങ്ങളാകെ വലിയ ഭീതിയിലാണ്. രാവിലെ പ്രഭാത സവാരിക്കുപോലും പുറത്തിറങ്ങാൻ സാധിക്കാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്ന ആളുകൾക്ക് നിലവിൽ പതിനായിരം രൂപയാണ് നഷ്ടപരിഹാരം നൽകുന്നത്. അതുകൂടാതെ മരുന്ന് ചെലവും. വളരെ ഗുരുതരമായി പരിക്കേറ്റാലും ഈ തുകമാത്രമാണ് നൽകുന്നത്.

ഇതുതീരെ അപര്യാപ്തമാണ്. അതുപോലെ വിളനാശം സംഭവിക്കുന്ന കൃഷിക്കാർക്ക് നൽകുന്ന തുകയും തീരെ കുറവാണ്. ഇതുരണ്ടും അടിയന്തരമായി വർധിപ്പിക്കണം. ഈ സാഹചര്യത്തിൽ വന്യജീവി ആക്രമണത്തിൽനിന്നും ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്ന രൂപത്തിൽ ഒരു സമഗ്ര പാക്കേജ് അനുവദിക്കണമെന്നും ഇപ്പോൾ ജനങ്ങളനുഭവിക്കുന്ന ഈ ദു:സ്ഥിതിക്ക് ശാശ്വത പരിഹാരമുണ്ടാകണമെന്നും അഭ്യർഥിക്കുന്നതോടൊപ്പം ഇന്നത്തെ കാലാവസ്ഥാ വ്യതിയാനവും കേന്ദ്രത്തിലെ നിയമവുംവച്ച് വന്യജീവികളുടെ കടന്നുവരവ് തടുത്തുനിർത്താൻ കഴിയില്ലെന്ന് എനിക്ക് തോന്നുന്നു. ഞാൻ പലതവണ ഈ സബ്മിഷൻ ഉന്നയിച്ചതുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്, ഭാവിയിൽ പുരാണങ്ങളിലൊക്കെ കാണുന്നതുപോലെ മനുഷ്യനും വന്യമൃഗങ്ങളും ഇടപഴകി ജീവിക്കാൻ സാധിച്ചിട്ടുള്ള ശാസ്ത്ര-സാങ്കേതിക രംഗത്തുള്ള ഇന്നത്തെ പുരോഗതിയെ ഉപയോഗപ്പെടുത്തി ഒരു ട്രെയിനിംഗ് പ്രോഗ്രാം ആരംഭിക്കുന്ന കാര്യം ഇപ്പോൾത്തന്നെ ആലോചിക്കുന്നത് ഉചിതമാകുമെന്നുകൂടി സൂചിപ്പിച്ച് പ്രസ്തുത വിഷയം പരിഗണിക്കണമെന്ന് അഭ്യർഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, സംസ്ഥാനം പൊതുവെ ചർച്ച ചെയ്യുന്ന ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട മലമ്പുഴ എം.എൽ.എ. അദ്ദേഹത്തിന്റെ മണ്ഡലവുമായി ബന്ധപ്പെടുത്തി ഇവിടെ ഉന്നയിച്ചിട്ടുള്ളത്. നിലവിൽ വന്യജീവി ആക്രമണം അനുദിനം വർധിച്ചുകൊണ്ടിരിക്കുകയാണെന്ന യാഥാർത്ഥ്യത്തെ മറന്നിട്ട് കാര്യമൊന്നുമില്ല. ആ സാഹചര്യത്തിൽ താങ്കൾ ആവശ്യപ്പെട്ടതുപോലെ ഒരു പ്രത്യേക ആക്ഷൻ പ്ലാൻ അടിയന്തരമായും തയ്യാറാക്കി നടപ്പാക്കിയാൽ മാത്രമേ പ്രശ്നത്തിന് ആശ്വാസകരമായ പരിഹാരമുണ്ടാക്കാൻ കഴിയൂ. ആ നിലയ്ക്കുള്ള ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ, മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് കഴിഞ്ഞ ആറുമാസത്തിനിടയിൽ മലമ്പുഴ മണ്ഡലത്തിൽ മരണമൊന്നും ഉണ്ടായിട്ടില്ലെന്നത് ആശ്വാസകരമായ കാര്യമാണ്. പക്ഷേ അവിടെ എം.എൽ.എ. തന്നെ മുൻകൈയെടുത്ത് ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കൂട്ടായ ശ്രമങ്ങൾക്ക് നേതൃത്വം നൽകുന്നുണ്ട്. എം.എൽ.എ.-യുടെ ഫണ്ടിൽനിന്നുതന്നെ വാളയാർ റെയിഞ്ചിലേയ്ക്ക് ഒരു വാഹനവും അനുവദിച്ചുനൽകിയിട്ടുണ്ട്. പുലിയുടെ സാന്നിധ്യം റിപ്പോർട്ട് ചെയ്ത

സ്ഥലങ്ങളിൽ ക്യാമറാ ട്രാപ്പുകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തുന്നുമുണ്ട്. പന്നികളുടെ ആക്രമണം തടയാൻ പാലക്കാട് ജില്ലയിൽമാത്രം 2022 മുതൽ നാളിതുവരെ 730-ഓളം കാട്ടുപന്നികളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഇല്ലായ്മ ചെയ്തിട്ടുണ്ടെന്നതും ഇതിൽ പഞ്ചായത്തുകൾ വിചാരിച്ചാൽ കാട്ടുപന്നികളുടെ ശല്യം പൂർണ്ണമായും ഒഴിവാക്കാൻ കഴിയുമെന്നതിലേയ്ക്കും നമ്മുടെ ശ്രദ്ധ കൊണ്ടുപോകുകയാണ്. അക്കാര്യത്തിൽ ജനങ്ങളുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും സഹകരിച്ച് നടപടികൾ സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട അംഗം മുൻകൈയെടുക്കുന്നത് എനിക്കറിയാം. അത് കുറച്ചുകൂടി നല്ലനിലയിൽ ചെയ്യാൻ അദ്ദേഹം തയ്യാറായാൽ നമുക്കെല്ലാവർക്കും സഹകരിച്ച് പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്.

(6) മംഗലം-ഗോവിന്ദപുരം സംസ്ഥാന പാത നവീകരണം

ശ്രീ. കെ. ബാബു (നെന്മാറ): സർ, കേരളം-തമിഴ്നാട് സംസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്നതും നെന്മാറ-ആലത്തൂർ തരൂർ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്നതുമായ പ്രധാനപ്പെട്ട സംസ്ഥാന പാതകളിലൊന്നാണ് മംഗലം-

ഗോവിന്ദപുരം അഥവാ വടക്കഞ്ചേരി-പൊള്ളാച്ചി സ്റ്റേറ്റ് ഹൈവേ (SH)-58. 38.912 കിലോ മീറ്റർ ദൂരമുണ്ട്. ഗുരുവായൂർ-ശബരിമല ഉൾപ്പെടെയുള്ള കേരളത്തിലെയും പഴനി-മധുര-രാമേശ്വരം-ഏർവാടി-വേളാങ്കണ്ണി ഉൾപ്പെടെയുള്ള തമിഴ്നാട്ടിലെ തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്കും നെല്ലിയാമ്പതി, കൊല്ലങ്കോട്, പറമ്പിക്കുളം, കൊടൈക്കനാൽ, മൂന്നാർ കേന്ദ്രങ്ങളിലേയ്ക്കുള്ള തീർഥാടകരും ടൂറിസ്റ്റുകളും പ്രധാനമായും ആശ്രയിക്കുന്ന റോഡും പ്രസ്തുത റോഡ് തന്നെയാണ്. ഏകദേശം പതിമൂന്നുവർഷം മുമ്പാണ് ബി.എം.&ബി.സി.-യിൽ റോഡ് അഭിവൃദ്ധിപ്പെടുത്തിയത്. ഇപ്പോഴും കുപ്പിക്കഴുത്തുപോലുള്ള നാല് പാലങ്ങളും ഈ റോഡിലുണ്ട്. ഗോവിന്ദപുരം കഴിഞ്ഞാൽ തമിഴ്നാടിന്റെ ഒന്നാംതരം നാലുവരിപ്പാതയിലും സൂപ്പർ ഹൈവേയിലും എത്തിച്ചേരും. എന്നാൽ വടക്കഞ്ചേരി കഴിഞ്ഞാലും നാഷണൽ ഹൈവേ-47-ലേയ്ക്കും എത്തിപ്പെടാൻ കഴിയും. ഇവിടെയാണെങ്കിൽ ജൽജീവൻ മിഷന്റെ പ്രധാനപ്പെട്ട ലൈനിനുവേണ്ടി റോഡിനിരുവശവും വെട്ടിപ്പൊളിച്ച നിലയാണുള്ളത്. മഴക്കാലങ്ങളിലുൾപ്പെടെയുള്ള റോഡുകളുടെ തകർച്ചയിൽ നിരവധി ജീവനുകളാണ് ഈ റോഡിലൂടെ പൊഴിഞ്ഞുപോയത്. കൊല്ലങ്കോട്

ബൈപ്പാസിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചതും എന്നാൽ തുക അനുവദിക്കാത്തതുകൊണ്ട് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടും കൊല്ലങ്കോടിന്റെ പ്രധാനപ്പെട്ട ഹൃദയഭാഗത്തുകൂടി പോകുന്നതിനുപകരമുള്ള ബൈപ്പാസിന്റെ അനുവാദം ലഭിച്ചില്ല. നെന്മാറ തിരക്കേറിയ നഗരമാണ്. ബജറ്റിൽത്തന്നെ വകയിരുത്തി കിഫ്ബിയിലുൾപ്പെടുത്തിയ ബൈപ്പാസ് റോഡും ഭാരത് മാല പദ്ധതിയിൽ ഉൾപ്പെടുമെന്ന് പറഞ്ഞ് ഈ രണ്ട് ബൈപ്പാസുകളും സംസ്ഥാനത്തിന് ലഭിച്ചില്ല. കെ.ആർ.എഫ്.ബി.-വിഭാഗം മലയോര ഹൈവേയുടെ സർവേ നടക്കുന്നുണ്ട്. പക്ഷേ ഭൂമി ഏറ്റെടുക്കുമ്പോൾ ലഭിക്കുന്ന സാമ്പത്തിക സ്ഥിതിനോക്കി പലരും പിന്മാറുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. അതുകൊണ്ടുതന്നെ 18500 മുതൽ 25 കിലോ മീറ്റർ വരെ ശബരിമല പാക്കേജിലുൾപ്പെടുത്തി 7.50 ലക്ഷത്തിന് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെന്നാണ് അറിയുന്നത്. പി.ഡബ്ല്യൂ.ഡി. വകുപ്പാണെങ്കിൽ ഇടയ്ക്കിടെ മെയിന്റനൻസ് ചെയ്യുന്നുണ്ടെന്നത് സ്വാഗതാർഹം തന്നെയാണ്. അതുകൊണ്ട് മംഗലം-ഗോവിന്ദപുരം സ്റ്റേറ്റ് ഹൈവേ

ഗതാഗതയോഗ്യമാക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വടക്കഞ്ചേരി-പൊള്ളാച്ചി സംസ്ഥാനപാതയുടെ നവീകരണമാണ് ബഹുമാന്യനായ അംഗം സബ്മിഷനായി ഉന്നയിച്ചത്. 38.912 കിലോമീറ്റർ ദൂരംവരുന്ന റോഡാണിത്. നെന്മാറ ടൗണിലെ ഗതാഗതക്കുരുക്കിനെക്കുറിച്ച് അദ്ദേഹം ഇവിടെ പറയുകയുണ്ടായി, അത് വളരെയധികം പ്രധാനപ്പെട്ട പ്രശ്നമാണ്. അതൊഴിവാക്കാൻ അദ്ദേഹം വലിയ ശ്രമം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. നെന്മാറ ബൈപ്പാസ് നിർമ്മാണത്തിന് ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊല്ലംകോട് ബൈപ്പാസ് നിർമ്മാണത്തിന് 2009 ജൂലൈ 14-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം ഭരണാനുമതിയും ലഭിച്ചിരുന്നു. അലൈൻമെന്റുപ്രകാരം 14.061 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി 25 ശതമാനം തുക റവന്യൂ വകുപ്പിൽ കെട്ടിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് ചില വിഷയങ്ങളുണ്ടായിരുന്നു. നിലവിൽ പ്രസ്തുത പ്രവൃത്തിക്ക് പുതിയ

എസ്.ഒ.ആർ.പ്രകാരം 60 കോടി രൂപയുടെ എസ്റ്റിമേറ്റ് പരിഗണിച്ചുവരുന്നു. 18500 മുതൽ 25 കിലോമീറ്റർ വരെയുള്ള ഭാഗം അടിയന്തര നവീകരണം ആവശ്യമായ സാഹചര്യത്തിൽ ശബരിമല ഫെസ്റ്റിവൽ വർക്ക് 2024-25 സാമ്പത്തിക വർഷത്തിലുൾപ്പെടുത്തി ഏഴ് കോടി അമ്പതുലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന കാര്യവും പരിഗണനയിലാണെന്നുള്ളത് ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

(7) ചന്തപ്പാലം-വടയാർ-മുളക്കുളം റോഡ് നിർമ്മാണം

ശ്രീമതി സി. കെ. ആശ: സർ, വൈക്കം-കടുത്തുരുത്തി മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന ചന്തപ്പാലം-മുളക്കുളം-വടയാർ റോഡിന്റെ നിർമാണത്തിലുണ്ടായിട്ടുള്ള തടസ്സങ്ങൾ അടിയന്തരമായി പരിഹരിക്കുന്നത് സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഒരു റോഡിന്റെ നിർമ്മാണഘട്ടത്തിൽ ഒരു നാടും നാട്ടുകാരും അനുഭവിക്കുന്ന ബുദ്ധിമുട്ടിന്റെ അങ്ങേയറ്റത്തെ ഉദാഹരണമായാണ് 22 കിലോമീറ്റർ നീളമുള്ള ഈ റോഡിന്റെ നിർമ്മാണഘട്ടത്തെക്കുറിച്ച് ഞാൻ പറയാനാഗ്രഹിക്കുന്നത്. രണ്ടര വർഷക്കാലമായി 22 കിലോമീറ്റർ റോഡ് പൊളിച്ചിട്ടിരിക്കുകയാണ്. അതിൽ

30 ശതമാനം നിർമ്മാണം മാത്രമാണ് നിലവിലുണ്ടായിരുന്ന നിർമ്മാണ കമ്പനി ചെയ്തത്. ഇരുപത്തിയാറോളം കലുങ്കുകൾ പൊളിച്ചിട്ട് അതിൽ ചിലത് പകുതി മാത്രം നിർമ്മിച്ച് ബാക്കി പകുതി തോടായി കിടക്കുന്ന സന്ദർഭമാണ് നിലവിലുള്ളത്. സർക്കാർ ഏറ്റെടുത്തിട്ടുള്ള KPPL എന്ന പത്രനിർമ്മാണ കമ്പനി, KRL-റബർ ഇൻഡസ്ട്രീസ് പാർക്ക്, അതോടൊപ്പം ഭവൻ സ്കൂൾ, കേന്ദ്രീയ വിദ്യാലയം എന്നിവ ഉൾപ്പെടെയുള്ള മൂന്ന് സ്കൂളുകൾ ..... ആയിരക്കണക്കിന് ജനങ്ങൾ യാത്ര ചെയ്യുന്ന ഈ റോഡിലൂടെയുള്ള ഗതാഗതമെന്നുപറയുന്നത് വളരെ ദയനീയമാണ്. യാതൊരുതരത്തിലും, നടന്നുപോലും യാത്ര ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിലാണ് ഈ റോഡിലൂടെ യാത്ര ചെയ്ത് ജനങ്ങൾ പോകുന്നത്. നിലവിലുണ്ടായിരുന്ന കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്തതുമായി ബന്ധപ്പെട്ടാണ് ഇപ്പോൾ തടസ്സമുണ്ടായിരിക്കുന്നത്. രണ്ടര വർഷക്കാലംകൊണ്ട് 30 ശതമാനം മാത്രം ജോലി ചെയ്തൊരു കോൺട്രാക്ടറെയാണ് ടെർമിനേറ്റ് ചെയ്തത്. അത് അടിയന്തരമായ ആവശ്യമാണെങ്കിൽപ്പോലും ഇനിയൊരു റീ-ടെണ്ടറിലേയ്ക്ക് പോകുന്നതിലുള്ളൊരു കാലതാമസമാണ് സബ്മിഷനിലൂടെ സൂചിപ്പിക്കാൻ

ആഗ്രഹിക്കുന്നത്. അതിന്റ മെയിന്റനൻസിനായി ഒരുകോടി പതിനാല് ലക്ഷം രൂപ അനുവദിച്ച് അതിന്റെ മെയിന്റനൻസ് നടക്കുന്നുണ്ടെങ്കിലും 22 കിലോമീറ്ററിൽ ഭൂരിഭാഗവും എന്റെ മണ്ഡലമായ വൈക്കം മണ്ഡലത്തിലൂടെയാണ് കടന്നുപോകുന്നത്. നാളിതുവരെ അതിന്റെ മെയിന്റനൻസ് എന്റെ മണ്ഡലത്തിലേയ്ക്ക് ആരംഭിച്ചിട്ടില്ല. അടിയന്തരമായി അതിന്റെ മെയിന്റനൻസ് വൈക്കം മണ്ഡലത്തിന്റെ റോഡിന്റെ ഭാഗത്ത് ആരംഭിക്കുന്നതിന് അങ്ങയുടെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകുന്നതോടൊപ്പം റീ-ടെണ്ടറിനാവശ്യമായ നടപടിയുണ്ടാകണം. ഇനി രണ്ട് മാസം കഴിയുമ്പോൾ മഴ ആരംഭിക്കും. കാലവർഷം ആരംഭിച്ചാൽ റോഡിന്റെ നിർമ്മാണം ഒരുകാരണവശാലും നടക്കില്ല. ആ സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് അടിയന്തരമായി റീ-ടെണ്ടർ നടപടിയിലേയ്ക്ക് വരുന്നതിനും റോഡ് ഏറ്റവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമാവശ്യമായ നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെട്ട വടയാർ-ചന്തപ്പാലം-മുളക്കുളം റോഡ്, വടയാർ-കല്ലാറ്റുപാലം-മുട്ടുച്ചിറ റോഡിന്റെ നിർമ്മാണ പ്രവൃത്തി എന്നിവയെക്കുറിച്ചുള്ള വിഷയമാണ് ബഹുമാന്യയായ അംഗം സി. കെ. ആശ ഇവിടെ സബ്മിഷനായി ഉന്നയിച്ചിട്ടുള്ളത്.

മേരീമാതാ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി കരാർ ഏറ്റെടുത്ത് 12-05-2022-ൽ പ്രവൃത്തി ആരംഭിച്ചു. എന്നാലിവിടെ സൂചിപ്പിച്ചതുപോലെ പ്രവൃത്തി മുന്നോട്ടുപോയില്ല. ബഹുമാന്യയായ എം.എൽ.എ.-യുമായി ഇക്കാര്യം ചർച്ച ചെയ്തിരുന്നു. കമ്പനിയുടെ ഭാഗത്തുനിന്ന് പ്രവൃത്തിയുടെ പുരോഗതി വളരെ കുറവായിരുന്നു. മന്ത്രി തലത്തിലും സെക്രട്ടറിതലത്തിലും നിരവധി റിവ്യൂ യോഗങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടത്തിയെങ്കിലും വേണ്ടത്ര പുരോഗതിയുണ്ടായില്ല. തുടർന്നാണ് 20-09-2024-ന് കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ കരാർ റദ്ദാക്കിയത്. പുതിയ പ്രവൃത്തി ക്രമീകരിക്കുന്നതുവരെ റോഡ് ട്രാഫിക്കബിളായി നിലനിർത്താൻ തുക അനുവദിക്കുകയും പ്രവൃത്തി ടെൻഡർ ചെയ്ത് കരാറുകാരന് കൈമാറുകയും

ചെയ്തിട്ടുണ്ട്. നിലവിൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പ്രവൃത്തി പുനഃരാരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ബാലൻസ് പ്രവൃത്തിക്കുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒരു മാസത്തിനകം ഡി.പി.ആർ. പൂർത്തിയാക്കുന്നതിന് പ്രത്യേക നിർദേശം നൽകിയിട്ടുണ്ട്. ഡി.പി.ആർ. ലഭ്യമായതിനുശേഷം ഫണ്ടിംഗ് ഏജൻസിയായ ജർമ്മൻ ബാങ്കിന്റെ അനുമതി ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കും. ബഹുമാന്യയായ എം.എൽ.എ. ഇവിടെ പരാമർശിച്ച മറ്റുകാര്യങ്ങളിന്മേൽ ഏത് തരത്തിലുള്ള ഇടപെടലാണ് വേണ്ടതെന്നത് സംബന്ധിച്ച് പരിശോധിക്കുമെന്നും സഭയെ അറിയിക്കുന്നു.

(8) <u>ദിഗംബര-ജൈനമത വിഭാഗത്തെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തൽ</u>

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, രാജ്യത്തും കേരളത്തിലും വയനാട്ടിലും ഏറ്റവും വലിയ സംഭാവനകളർപ്പിച്ച ഒരു വിഭാഗമാണ് ദിഗംബര കമ്മ്യൂണിറ്റി ഉൾപ്പെടുന്ന ജൈന സമുദായം. ഒന്നാമത്തെ തീർഥങ്കരനായ ആദിനാഥ് തീർഥങ്കരൻ മുതൽ ഇരുപത്തി നാലാമത്തെ തീർഥങ്കരനായ വർദ്ധമാന മഹാവീരൻവരെ നേതൃത്വം നൽകിയതും ആരാധിക്കുന്നതുമായ ജൈനമതം,

ആരെയും വേദനിപ്പിക്കാതെയും അഹിംസ അടിസ്ഥാനപ്പെടുത്തിയും 'അഹിംസാ പരമോ ധർമ്മഃ', അതിന്റെ അടിത്തറയിൽ " live and let live" എന്ന ആപ്തവാക്യത്തിൽ മുന്നോട്ടുപോകുന്നവരാണ് ഈ കമ്മ്യൂണിറ്റി. ഇവരിൽ ആകെ അയ്യായിരത്തോളം ആളുകൾ കേരളത്തിലുള്ളപ്പോൾ അതിൽത്തന്നെ നാലായിരത്തോളം ആളുകൾ വയനാട്ടിലാണുള്ളത്. സൂക്ഷ്മ-അതിസൂക്ഷ്മ മൈക്രോ മൈനോറിറ്റിയാണിവർ. കാർഷികവും ക്ഷീരമേഖലയുമാണ് ഇവരുടെ ജീവിതമേഖല. ഇതിൽ പകുതിയോളംപേർ കൂലിവേല ചെയ്ത് ജീവിക്കുന്നവരാണ്. എല്ലാ സാമൂഹിക ഘടകങ്ങളിലുമെന്നപോലെ കുറച്ചുപേർ മാത്രമാണ് സാമ്പത്തിക സൗകര്യമുള്ളവർ. ബാക്കിയുള്ളവർ മുഴുവൻ പ്രയാസപ്പെടുന്നവരാണ്. 1500 വർഷം പഴക്കമുള്ള സുൽത്താൻബത്തേരിയിലെ ക്ഷേത്രം ഉൾപ്പെടെ നിരവധി ക്ഷേത്രങ്ങൾ വയനാട്ടിലുണ്ട്. വയനാടിന്റെ വികസനത്തിൽ, എസ്.കെ.ജെ.എം. ഹൈസ്കൂൾ, ഐ.ടി.ഐ., കോടതി, സിവിൽ സ്റ്റേഷൻ, ജനറൽ ഹോസ്പിറ്റൽ ഉൾപ്പെടെയുള്ള, നിലവിൽ ഇടതുപക്ഷ സർക്കാർ അട്ടിമറിച്ചിരിക്കുന്ന 50 ഏക്കർ ഭൂമി മെഡിക്കൽ കോളേജിന് നൽകിയതുൾപ്പെടെയെല്ലാം ഇവരുമായി ബന്ധപ്പെട്ടിരിക്കുന്ന

വികസനപദ്ധതികളാണ്. ഈ വിഭാഗത്തിലെ ഏറിയ പങ്ക് ജനങ്ങളുടെയും വികാസത്തിനുവേണ്ടിയുള്ള വിവിധങ്ങളായ അന്വേഷണങ്ങൾ ന്യൂനപക്ഷ കമ്മീഷനിലും KIRTADS (Kerala Institute for Research, Training and Development Studies of Scheduled Castes and Scheduled Tribes)-ലും കിടന്ന് ഇഴയുകയാണ്. അവരുടെ കുട്ടികൾക്ക് പഠിക്കാനും ഉന്നതവിദ്യാഭ്യാസത്തിനുമുള്ള സ്കോളർഷിപ്പ്, ജോലിയിലും മറ്റ് കാര്യങ്ങളിലുമുള്ള പ്രത്യേകമായ പരിഗണന കിട്ടേണ്ടതായ കാര്യങ്ങളുൾപ്പെടെ 2019 മുതൽ KIRTADS-ൽ അത് ഒന്നുമാകാതെ കിടക്കുകയാണ്. അവസാനം നടന്ന സിറ്റിംഗിലും അവിടെ എത്തിയവരോട് ഉത്തരവാദപ്പെട്ടവർ പറഞ്ഞത്, അവർക്ക് ടി.എ. കിട്ടുന്നില്ല, വാഹനമില്ല, ഡി.എ. ഇല്ല, മറ്റ് സൗകര്യങ്ങളില്ല - ഇവയൊക്കെ ശരിയാക്കി തന്നാൽ ഞങ്ങൾ ചെയ്തുകൊള്ളാമെന്ന ധിക്കാരപരമായ മറുപടിയാണ്. അതിനാൽ, ബഹുമാനപ്പെട്ട ഗവർൺമെന്റ്/ഡിപ്പാർട്ടുമെന്റ് ഇക്കാര്യത്തിൽ പ്രത്യേകമായ ഇടപെടൽ നടത്തി നമ്മുടെ സമൂഹത്തിൽ ഏറ്റവും ശ്രദ്ധേയമായ വികസനപ്രവർത്തനങ്ങളിൽ ഇടപെടൽ നടത്തുന്ന അതിസൂക്ഷ്മ

മൈനോറിറ്റിയായ ദിംഗബര കമ്മ്യൂണിറ്റിയുൾപ്പെടുന്ന ജൈൻ കമ്മ്യൂണിറ്റിയുടെ സാമൂഹിക വികാസത്തിനാവശ്യമായ നടപടികൾക്ക് നേതൃത്വം നൽകണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, ഇവിടെ സൂചിപ്പിച്ചതുപോലെ വയനാട് ജില്ലയിലുൾപ്പെടെ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി scattered ആയി ജീവിക്കുന്ന ഒരു ജനവിഭാഗമാണ് ജൈനവിഭാഗം. പൊതുവെ ഇവരുടെ ജനസംഖ്യ വളരെ കുറവാണ്. പരിശോധനയിൽ ഇവർ മുന്നാക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗത്തിന്റെ പട്ടികയിലാണ് നിലവിൽ ഉൾപ്പെട്ടിരിക്കുന്നത്. ഒരു വിഭാഗത്തെ സംവരണത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി നിയമപരമായ അനേകം നടപടിക്രമങ്ങളുണ്ട്. ജൈനമതത്തിൽപ്പെട്ടവരെ സംസ്ഥാന പിന്നാക്കവിഭാഗമായി പരിഗണിക്കണമെങ്കിൽ ഇവരുടെ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ അവസ്ഥ സംബന്ധിച്ച കൃത്യമായ പഠനം ആവശ്യമാണ്. അതിന്റെയടിസ്ഥാനത്തിൽ മാത്രമേ ഈ

വിഭാഗത്തെ സംവരണപ്പട്ടികയിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. ദിഗംബര വിഭാഗത്തെ സംസ്ഥാന പിന്നാക്ക പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ പരിശോധിച്ചുവരികയാണ്. ഈ വിഷയത്തിന്മേൽ ആവശ്യമായ പഠനം കമ്മീഷൻ നിലവിൽ നടത്തിവരികയാണ്. കമ്മീഷന്റെ പഠനറിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളും.

(9) <u>സുൽത്താൻബത്തേരി താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തൽ</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, വയനാട് സർക്കാർ ജില്ലാ ആശുപത്രിയെ ഇന്ന് മെഡിക്കൽ കോളേജായി ഉയർത്തിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ ജില്ലാ ആശുപത്രിയുടെ സേവനം വയനാട്ടുകാർക്ക് ലഭിക്കാത്ത സാഹചര്യം നിലനിൽക്കുകയാണ്. കുടിയേറ്റമേഖലയും കർഷകരും ആദിവാസി സമൂഹങ്ങളും ഏറ്റവും കൂടുതലുള്ള ജില്ല കൂടിയാണ് വയനാട്. 1930-ൽ ബ്രിട്ടീഷ് ഗവൺമെന്റിന്റെ കാലത്ത് ഡിസ്പെൻസറിയായി ആരംഭിച്ച ആശുപത്രിയെ 1995-ൽ താലൂക്കാശുപത്രിയായി സർക്കാർ ഉയർത്തുകയുണ്ടായി. 4.5 ഏക്കർ സ്ഥലം നിലവിലുണ്ട്. പേരലാൻഡ് എന്ന

സ്ഥലത്ത് മനോഹരമായ കെട്ടിട സമുച്ചയവുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്കറിയാവുന്ന കാര്യമാണ്, ഏഴ് നിലയോട്ടുകൂടിയ അമ്മയും കുഞ്ഞും ഹോസ്പിറ്റൽ അടക്കമുള്ള കെട്ടിടങ്ങൾ പണി പൂർത്തീകരിച്ചിരിക്കുകയാണ്. വിവിധ ഒ.പി.-കൾ കൃത്യസമയത്ത് പ്രവർത്തിക്കുന്നുണ്ട്. വിവിധ ഓപ്പറേഷൻ തീയേറ്ററുകളുണ്ട്. സ്പെഷ്യൽ യൂണിറ്റുകളായ പാലിയേറ്റീവ് കെയർ യൂണിറ്റ്, ക്യാൻസർ കെയർ യൂണിറ്റ്. എം.ഐ.സി.യു., പി.ഐ.സി.യു. എന്നിവ ഉൾപ്പെടുന്ന വിവിധ ഐ.സി.യു.-കൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി, ഫാർമസി, ലബോറട്ടറി, ബ്ലഡ് ബാങ്ക്, കൊറോണ സമയത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന വൈറോളജി ലാബ്, പബ്ലിക് ഹെൽത്ത് ലാബ്, ഡയാലിസിസ് യൂണിറ്റുകൾ, ആധുനിക സൗകര്യങ്ങളോട്ടുകൂടിയ ഫ്രീസറോട്ടുകൂടിയ മോർച്ചറി സൗകര്യങ്ങളടക്കമുള്ള സംവിധാനങ്ങളാണ് ഇന്ന് സുൽത്താൻബത്തേരി താലൂക്കാശുപത്രിയിലുള്ളത്. എ.എൽ.എസ്. (Advanced Life support), ബി.എൽ.എസ്. (Basic Life Support) തുടങ്ങിയ ആംബുലൻസ് സൗകര്യവുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം നിർവഹിച്ച ഓക്സിജൻ പ്ലാന്റ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ സുൽത്താൻബത്തേരി

താലൂക്കാശുപത്രിയിലുണ്ട്. ഇതിനെ ഒരു ജില്ലാ ആശുപത്രിയായി ഉയർത്താനാവശ്യമായ എല്ലാ സംവിധാനങ്ങളുമിവിടെയുണ്ട്. സുൽത്താൻബത്തേരി കർണ്ണാടക-തമിഴ്നാടിന്റെ അതിർത്തിപ്രദേശമായതിനാൽ മറ്റ് സംസ്ഥാനത്തുള്ള ആളുകൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും. അവിടെ സ്റ്റാഫിന്റെ കുറവുണ്ട്. സുൽത്താൻബത്തേരി താലൂക്കാശുപത്രിയെ ആവശ്യമായ സ്റ്റാഫ് പാറ്റേണുള്ള ജില്ലാ ആശുപത്രിയായി ഉയർത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): സർ, ആർദ്രം മാനദണ്ഡപ്രകാരം ഒരു ജില്ലയിലൊരു ജില്ലാ ആശുപത്രി, ഒരു ജനറൽ ആശുപത്രി എന്നുള്ളതാണ് നമ്മൾ സ്വീകരിച്ചുവരുന്ന നയം. ഇതിന്റെയടിസ്ഥാനത്തിൽ മാനന്തവാടി ആശുപത്രിയെ ജില്ലാ ആശുപത്രിയായും കൽപ്പറ്റ ആശുപത്രിയെ ജനറൽ ആശുപത്രിയായും തെരഞ്ഞെടുത്തിരുന്നു. മാനന്തവാടി ആശുപത്രി മെഡിക്കൽ കോളേജ് എന്ന നിലയിൽ ഉയർത്തിയിരുന്നു. എന്നാലവിടെ രണ്ട് നിലയിലും ഡി.എച്ച്.എസ്.-ന്റെയും ഡി.എം.ഇ.-യുടെയും പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. സാധാരണ

മെഡിക്കൽ കോളേജിലേതു പോലെ പൂർണ്ണമായും റഫറൽ ആശുപത്രിയെന്ന നിലയിലല്ല മാനന്തവാടി ആശുപത്രി പ്രവർത്തിക്കുന്നത്. റഫറൻസില്ലാതെ ആളുകൾക്ക് നേരിട്ട് ഒ.പി.-യിൽ ചെന്നുകണ്ട് ചികിത്സ തേടാവുന്ന രീതിയിൽ ആ ജില്ലാ ആശുപത്രി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ, ഗോത്രവിഭാഗത്തിൽപ്പെടുന്ന സഹോദരങ്ങൾ ആശ്രയിക്കുന്നൊരു ആശുപത്രിയെന്ന നിലയിൽ സുൽത്താൻബത്തേരിയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടാണ് ധാരാളമായ നിർമ്മാണപ്രവർത്തനങ്ങൾ അവിടെ നടത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ഒട്ടേറെ കാര്യങ്ങളിവിടെ പറഞ്ഞു. 23 കോടി രൂപ ചെലവഴിച്ചുകൊണ്ട് അമ്മയും കുഞ്ഞും ബ്ലോക്കുൾപ്പെടെ അവിടെ പൂർത്തീകരിച്ചു. ഈ പറഞ്ഞ കാര്യങ്ങളുടെയെല്ലാം ഓരോ സൂക്ഷ്മാംശത്തിലും സർക്കാർ ഇടപെട്ടുകൊണ്ടാണ് പ്രവർത്തിക്കുന്നത്. അമ്മയും കുഞ്ഞും ബ്ലോക്കും മറ്റുസൗകര്യങ്ങളും പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കാനാണിപ്പോൾ ശ്രമിക്കുന്നത്. ആർദ്രം പദ്ധതിപ്രകാരം താലൂക്കാശുപത്രി മുതൽ സ്പെഷ്യാലിറ്റി സർവീസ് ലഭിക്കുന്നുണ്ട്. പരമാവധി സർവീസുകൾ.... ബഹുമാനപ്പെട്ട അംഗം

പറഞ്ഞതുപോലെ... അവിടെ ഒരു തിയേറ്റർ കോംപ്ലക്സ്, 6 കോടി രൂപ ചെലവഴിച്ചുകൊണ്ട്, ഓർത്തോ വിഭാഗവും ഒഫ്ത്താൽമോളജി വിഭാഗവുമുൾപ്പെടെ വളരെ വിപുലമായ രീതിയിൽ, ഏത് ജില്ലാ ആശുപത്രിയെയും വെല്ലുന്ന നിലയിലുള്ള സൗകര്യങ്ങൾ നമ്മളവിടെ ക്രമീകരിച്ചിട്ടുണ്ട്. നിലവിൽ സുൽത്താൻബത്തേരിയിൽ ഇപ്പോൾ ഒരുക്കിയിട്ടുള്ള അടിസ്ഥാനസൗകര്യങ്ങൾക്കനുസരിച്ചുള്ള തസ്തികകൾ കൂടി... പരമാവധി... ഗവൺമെന്റിന് സാമ്പത്തിക പരിമിതികൾ ഉണ്ട്... അതിൽ നിന്നുകൊണ്ട് അത് ലഭ്യമാക്കി ഏറ്റവും മികച്ച നിലയിൽ പ്രവർത്തിപ്പിക്കുന്നതിനാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സർക്കാർ ശ്രമിക്കുന്നത്.

(10) കോഴിക്കോട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ രോഗികൾ ചികിത്സയ്ക്കെത്തുന്ന ആശുപത്രിയാണ് കോഴിക്കോട് മെഡിക്കൽ കോളേജ്. ഇവിടെ മലബാറിലെ അഞ്ച് ജില്ലകളിൽനിന്നും രോഗികളെത്തുന്നുണ്ട്. ഒരു വർഷം എം.സി.എച്ച്.-ലും ഐ.എം.സി.എച്ച്.-

ലുമായി 15 ലക്ഷത്തിലധികം രോഗികളാണ് ഒ.പി.-യിൽ എത്തുന്നത്. അതിൽത്തന്നെ ഒന്നരലക്ഷത്തോളം ആളുകളെ അവിടെ അഡ്മിറ്റ് ചെയ്യുന്നുണ്ട്. ഒരു വർഷം ഇരുപതിനായിരത്തിലധികം സർജറികൾ നടത്തുന്നുണ്ട്. പി.എം.എസ്.എസ്.വൈ. ബ്ലോക്ക് സർജിക്കൽ ബ്ലോക്കാണ്. 18 തിയേറ്ററുകളുള്ള ആ ബ്ലോക്ക് തുടങ്ങിയതോടുകൂടി വളരെയധികം തിരക്ക് വർധിച്ചിട്ടുണ്ട്. നിലവിൽ വരുന്ന രോഗികൾക്കനുസൃതമായി ജീവനക്കാരില്ലെന്നതാണ് ഇന്ന് നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം. പി.എം.എസ്.എസ്.വൈ. ബ്ലോക്കിൽ നിലവിലുള്ള ആവശ്യത്തിന്റെ പകുതി ജീവനക്കാർ മാത്രമേയുള്ളൂ. അറുപതിലധികം അസിസ്റ്റന്റ് പ്രൊഫസർമാരുടെ തസ്തികയും പത്തോളം അസോസിയേറ്റ് പ്രൊഫസർമാരുടെ തസ്തികയും ഒഴിഞ്ഞുകിടക്കുകയാണ്. നൂറിലധികം ഹോസ്പിറ്റൽ അറ്റൻഡർമാരുടെയും കുറവുണ്ട്. ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് എച്ച്.ഡി.എസ്. താൽക്കാലികമായി നിയമിക്കുകയാണ്. 1200-ലധികം ജീവനക്കാർ ഇത്തരത്തിലുണ്ട്. എച്ച്.ഡി.എസ്. വരുമാനത്തിന്റെ ഭൂരിഭാഗവും ശമ്പളം കൊടുക്കാൻവേണ്ടി, അതായത് മൂന്നുകോടി രൂപ വരുമാനമുള്ള എച്ച്.ഡി.എസ്.-

ൽനിന്ന് രണ്ടുകോടി മുപ്പത്തിയാറര ലക്ഷം രൂപ പ്രതിമാസം ശമ്പളം കൊടുക്കാൻമാത്രം വേണ്ടിവരുന്നുണ്ട്. എച്ച്.ഡി.എസ്. വരുമാനത്തിന്റെ കൂടുതൽ ഭാഗവും ക്രെഡിറ്റായി പോകുകയാണ്. കൂടുതൽ വരുമാനം ലഭിക്കാത്തതുകൊണ്ട് വലിയ പ്രയാസമുണ്ട്. രോഗികളുടെ വർധനവിനനുസരിച്ച് മരുന്നുകളുടെ ഉപയോഗം വർധിക്കുന്നു. ഇത് മരുന്ന് കമ്പനികൾക്ക് കുടിശ്ശികയാകാൻ ഇടവരുത്തുന്നു. അതിനാൽ പലരും വിതരണം നിർത്തുന്നു. അതിൽമാത്രം 90 കോടി രൂപയാണ് നൽകാനുള്ളത്. മാസ്റ്റർപ്ലാനിന് പുറമെ ഒട്ടേറെ പ്രവൃത്തികൾ നടക്കുന്നു. ഗവൺമെന്റ് വളരെയധികം ശ്രദ്ധിക്കുന്ന മെഡിക്കൽ കോളേജിലൊന്നാണിത്. പക്ഷേ സാമ്പത്തികമായിട്ടുള്ള പ്രയാസങ്ങളുണ്ട്. സൗജന്യ ചികിത്സ നടത്തേണ്ട രോഗികളുടെ എണ്ണം ക്രമാതീതമായി വർധിച്ചത് പ്രതിസന്ധി സൃഷ്ടിക്കുന്നു. ഡയാലിസിസിന് വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. പ്രധാന ചികിത്സയ്ക്കായി തിരക്കുമൂലം ദിവസങ്ങളുടെ കാത്തിരിപ്പാണ് വേണ്ടിവരുന്നത്. അവിടെ രണ്ട് എം.ആർ.ഐ. സ്കാനിങ് മെഷീനുണ്ട്. അതിലൊന്ന് പ്രവർത്തനരഹിതമായിട്ട് എട്ട് മാസമായി. അത് ശരിയാക്കണമെങ്കിൽ 4.5 കോടി രൂപയും പുതിയത് വാങ്ങണമെങ്കിൽ 9

കോടി രൂപയും വേണം. കൂടാതെ അവിടെ പെറ്റ് സ്കാൻ ഉണ്ട്. അതിന് ഒരു വർഷത്തെ എ.എം.സി.-ക്ക് 63 ലക്ഷം രൂപ വേണം. ഇങ്ങനെ ഒട്ടേറെ വലിയ പ്രശ്നങ്ങളാണ് അവിടെ നേരിട്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് അടിയന്തരമായി ഇത് പരിഹരിക്കാൻ ധനകാര്യ വകുപ്പുമന്ത്രിയോടാണ് ഇക്കാര്യം സൂചിപ്പിക്കാനുള്ളത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് ആരോഗ്യ വകുപ്പുമന്ത്രിയോടാണ് ചോദിച്ചിരിക്കുന്നത്. ആരോഗ്യ വകുപ്പുമന്ത്രി മറുപടി പറയും.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, 200 കോടി രൂപയെങ്കിലും അടിയന്തരമായി അനുവദിച്ചില്ലെങ്കിൽ ആശുപത്രിയുടെ പ്രവർത്തനം താറുമാറാകും. ഏറ്റവും നല്ല നിലയിൽ നടക്കുന്നൊരു ആശുപത്രിയാണ്. ഏറ്റവും വിദഗ്ധരായിട്ടുള്ള ഡോക്ടർമാരും മറ്റെല്ലാ സൗകര്യങ്ങളുമുള്ള ആശുപത്രിയാണ്. അതുകൊണ്ട് അടിയന്തരമായി ഫണ്ട് അനുവദിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന മെഡിക്കൽ കോളേജാണ് കോഴിക്കോട് മെഡിക്കൽ കോളേജ്. അവിടെ രോഗികളുടെ എണ്ണത്തിൽ വലിയ വർധനവാണുണ്ടായത്. 2021-ൽ ഒരാഴ്ചയിൽ ഡയാലിസിസ് തേടുന്ന രോഗികളുടെ എണ്ണം 8000 ആയിരുന്നുവെങ്കിൽ ഇന്ന് അത് 21,000 ആണ്. അതായത് മൂന്നിരട്ടിക്കടുത്ത് വർധനവുണ്ടായിരിക്കുകയാണ്. അത് ഒരു വിഭാഗത്തിൽ മാത്രമല്ല, എല്ലാ ഡിപ്പാർട്ടുമെന്റിലും ഇതുപോലെ വർധനവുണ്ടായിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിനെ സംബന്ധിച്ചിടത്തോളം അദ്ദേഹം പറഞ്ഞതുപോലെ കൂടുതലും ക്രെഡിറ്റാണുണ്ടാകുന്നത്, അത് പല സ്കീമികളിലൂടെയാണ്. സ്വാഭാവികമായും അതിൽ താമസമെടുക്കുന്നുണ്ട്. പ്രാദേശികമായി മെഡിക്കൽ കോളേജിലുണ്ടായൊരു വിഷയം പരിഹരിക്കുന്നതിന് സർക്കാർ ഇടപെട്ട്, സർക്കാർതന്നെ നേരിട്ട് ക്രമീകരണങ്ങൾ ചെയ്ത് മരുന്നുകൾ എത്തിച്ച് കൊടുക്കുന്നുണ്ട്. നമ്മുടെ നോർമൽ സപ്ലൈയിലൂടെയുള്ളതല്ല, ലോക്കൽ

പർച്ചേസിലൂടെ മെഡിക്കൽ കോളേജ് വാങ്ങിക്കുന്ന മെഡിസിൻസ് ആയിരുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചൊരു കാര്യം, പി.എം.എസ്.എസ്.വൈ. ബ്ലോക്കിൽ കോടിക്കണക്കിന് രൂപയുടെ ബഹുനില കെട്ടിടം ഉത്ഘാടനം ചെയ്തു. അവിടെ 18 തിയേറ്ററാണുള്ളത്. അവിടെ ട്രാൻസ്പ്ലാന്റിനുൾപ്പെടെയുള്ള സൗകര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി അവിടെ തസ്തികകൾ അനുവദിക്കുക എന്നുള്ളത് തീർച്ചയായും സർക്കാരിന്റെ മുന്നിലുള്ള കാര്യമാണ്. അവിടെ പുതിയ ഡിപ്പാർട്ടുമെന്റുകൾ ആരംഭിച്ചിട്ടുണ്ട്. ഒരു കാലത്ത് ഏഷ്യയിൽ ഏറ്റവും കൂടുതൽ പ്രസവം നടക്കുന്ന ആശുപത്രിയായിരുന്നു അവിടത്തെ കുട്ടികളുടെ ആശുപത്രി. അവിടെ പുതിയതായി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ, എൻഡോക്രൈനോളജി, ഇന്റർവെൻഷണൽ റേഡിയോളജി, റുമറ്റോളജി, നിയോനാറ്റോളജി തുടങ്ങിയ പ്രധാനപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ ആരംഭിച്ചിട്ടുണ്ട്. നിയോനാറ്റോളജി ഡിപ്പാർട്ടുമെന്റ് ഈ കാലഘട്ടത്തിൽ നമുക്ക് ആരംഭിക്കാൻ കഴിഞ്ഞു. സർജിക്കൽ ഗ്യാസ്ട്രോളജി, കാർഡിയോതൊറാസിക് ആൻഡ് വാസ്കുലർ സർജറി, എമർജൻസി മെഡിസിൻ എന്നീ വിഭാഗങ്ങൾക്ക് ഒമ്പത് തസ്തികകൾ

2023-ൽ പുതുതായി അവിടെ സൃഷ്ടിച്ചു. ഇതുകൂടാതെ ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്)-ന്റെ നാല് തസ്തികകൾ പുതുതായി സൃഷ്ടിച്ച് അനുവദിച്ചിട്ടുണ്ട്. പുതിയ ബ്ലോക്കിൽ ക്ലീനിങ്, മെയിന്റനൻസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. അടുത്തിടെ മാത്രം തൊണ്ണൂറോളം ജീവനക്കാരെ അവിടെ നിയമിക്കുന്ന സാഹചര്യമുണ്ടായി. അതിനൊക്കെ എച്ച്.ഡി.എസ്.-ൽനിന്ന് ഫണ്ട് കണ്ടെത്തി കൊടുക്കുന്നൊരു സാഹചര്യമാണുള്ളത്. അവിടെ ഇനിയും ആവശ്യമായിട്ടുള്ള തസ്തികകൾ സൃഷ്ടിക്കണമെന്ന് തന്നെയാണ് സർക്കാർ ആലോചിക്കുന്നത്. അതോടൊപ്പം 47 അസിസ്റ്റന്റ് പ്രൊഫസർമാരുടെ തസ്തികകൾ ഒഴിവുണ്ട്. അതിൽ രണ്ട് വിഭാഗങ്ങളിൽ കേസ് നിലനിൽക്കുന്നുണ്ട്. Obstetrics and gynaecology-ക്കാണ് ഏറ്റവും കൂടുതൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ ഒഴിവുള്ളത്. അതിന് പി.എസ്.സി. റാങ്ക് ലിസ്റ്റുണ്ട്. പക്ഷേ, കേസ് നിലനിൽക്കുകയാണ്. Orthopaedics-ലും കേസ് നിലനിൽക്കുന്നതുകൊണ്ട് അവിടെ നിയമിക്കാൻ സാധിക്കാതെ വരുന്നുണ്ട്. അതുകൊണ്ട് അവിടെ അഡ്ഹോക്കായി നിയമിക്കുന്നതിന് സർക്കാർ ഡി.എം.ഇ.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.എം.ഇ.-യുടെ സർക്കുലർ എല്ലാ

മെഡിക്കൽ കോളേജുകളിലും നൽകിയിട്ടുണ്ട്. ഇവിടെ മാത്രമല്ല, എവിടെയൊക്കെ ഒഴിവുകളുണ്ടോ അവിടെയൊക്ക അഡ്ഹോക്കായി നിയമിക്കുന്നതിനുവേണ്ടി നിർദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, സൗജന്യ ചികിത്സയ്ക്ക് ഏറ്റവും കൂടുതൽ തുക ചെലവഴിക്കുന്ന സംസ്ഥാനം കേരളമാണ്. 1600 കോടി രൂപയാണ് ഒരു വർഷം ചെലവഴിക്കുന്നത്. പക്ഷേ, കേന്ദ്രത്തിന്റെ വിഹിതമായി നമുക്ക് ലഭിക്കുന്നത് 138 കോടി രൂപയാണ്. അതുകൊണ്ട് ഈയൊരു സാഹചര്യത്തിൽ ഫണ്ട് റിലീസിങ്ങിൽ കോഴിക്കോട് മെഡിക്കൽ കോളേജിന് പ്രയോറിറ്റി നൽകണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. മൂന്നാഴ്ച മുമ്പ് 2025-ൽമാത്രം 20 കോടി രൂപ കോഴിക്കോട് മെഡിക്കൽ കോളേജിന് കൊടുത്തിരുന്നു. അങ്ങനെ prioritize ചെയ്ത് കൊടുക്കുന്നതിന് ശ്രമിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗവും അതിൽ നല്ല നിലയിൽ ഇടപെട്ടിട്ടുണ്ട്. സർക്കാർ പ്രഥമ പരിഗണനയോടെതന്നെ അക്കാര്യങ്ങളിൽ ഇടപെടുന്നതാണ്. എം.ആർ.ഐ. സ്കാനിങ് മെഷീന്റെ കാര്യം പറഞ്ഞു; മൂന്ന് എം.ആർ.ഐ. സ്കാനിങ് മെഷീൻ അവിടെയുണ്ട്. പി.എം.എസ്.എസ്.വൈ. ബ്ലോക്കിൽ ഒരു എം.ആർ.ഐ.

സ്കാനിങ് മെഷീനുണ്ട്. കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെയും എച്ച്.എൽ.എൽ.-ന്റെയും എം.ആർ.ഐ. സ്കാനിങ് മെഷീനുകളുണ്ട്. കേരളത്തിൽ മറ്റൊരു ക്യാമ്പസിലും മൂന്ന് എം.ആർ.ഐ. സ്കാനിങ് മെഷീൻ ഇല്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, എച്ച്.എഡി.എസ്. വഴി ഒരു എം.ആർ.ഐ. സ്കാനിങ് മെഷീൻ വാങ്ങിക്കുന്നതിനുവേണ്ടി അനുവാദം കൊടുത്തിരുന്നു. വരുമാനത്തേക്കാൾ ചെലവുള്ളൊരു മെഡിക്കൽ കോളേജ് ആയതുകൊണ്ട് അതിന്റെ procurement കുറച്ച് താമസിക്കുന്നുണ്ട്. പക്ഷേ നിലവിൽ മൂന്ന് എം.ആർ.ഐ. സ്കാനിങ് മെഷീൻ അവിടെയുണ്ട്. സർക്കാരിന്റെ വിവിധ സ്കീമുകൾവഴി വിതരണം ചെയ്യുന്നത് നോർമൽ മരുന്ന് സപ്ലൈയിലൂടെയുള്ള വരുന്ന മരുന്നുകളല്ല, ലോക്കലായി procure ചെയ്യുന്നതാണ്. അതുകൊണ്ടാണ് കഴിഞ്ഞ രണ്ടുമൂന്ന് ആഴ്ചമുമ്പ് ഇങ്ങനെയൊരു പ്രശ്നമുണ്ടായപ്പോൾ സർക്കാർ ഇടപെട്ടുകൊണ്ട് ആശുപത്രി മരുന്ന് കമ്പനികളിൽനിന്ന് അല്ലെങ്കിൽ മറ്റ് ഇടങ്ങളിൽനിന്നും വാങ്ങിക്കുന്നതിന് പകരം കാരുണ്യവഴിതന്നെ സർക്കാർ അവിടെ മരുന്നുകൾ എത്തിച്ച് കൊടുത്തിട്ടുണ്ട്. അതിന്റെ കാരണം, രോഗികളുടെ എണ്ണത്തിൽ മൂന്നിരട്ടിയോളം വർദ്ധനവുണ്ടായതാണ്. അത് ഒരു

പ്രശ്നമുണ്ടാകാതെ ഗവൺമെന്റുതന്നെ മോണിറ്റർ ചെയ്ത് മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്.